കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് (2016-17)

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം:കെ.എസ്.എ/കെ.എസ്.ഡി.7/980/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499 4256690.

തീയതി .08.08.2017.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

പകർപ്പ് : 1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി.7/980/2017 തീയതി: 08.08.2017

# കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.11.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവും അവയുടെ ഒടുക്കും, വിവിധ അക്കൗണ്ടുകളിൽ നിന്നും 31.03.2017 വരെ നടത്തിയ പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.07.2017 മുതൽ 22.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജഗദീശ്.എസ്, ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജെന കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശിവശങ്കര.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എൻ.ടി.ലക്ഷ്മി | 01.04.2016 മുതൽ 05.01.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.ലിസ്സി.പി.ജെ | 06.01.2017 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.കെ.കൃഷ്ണ | 01.04.2016 മുതൽ 31.03.2017 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗം | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രാഘവേന്ദ്ര.പി | 01.04.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജി.ഉഷാർ കൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. മാണിമൂല | ശ്രീ.ഫിലിപ്പോസ് ലൂക്കോസ്.യു. | 01.04.2016 മുതൽ 28.06.2016 വരെ |
| | ശ്രീ.സുബ്രഹ്മണ്യ ഭട്ട്.കെ | 29.06.2016 മുതൽ 31.03.2017 വരെ |
| വി. ഇ. ഒ. | ശ്രീ.എ.ദിനേശൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്റ, ഹോമിയോ | ശ്രീ.വി.എം.നസീമ മോൾ | 01.04.2016 മുതൽ 05.01.2017 വരെ |
| | ശ്രീ.മുഹമ്മദ് റാഷിദ്.പി | 06.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്റ, ആയുർവേദം | ശ്രീ.കെ.സിറാജുദ്ദീൻ (മെഡിക്കൽ ഓഫീസർ, ജി.എ.ഡി.ബേഡഡുക്ക) | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോസ്.കെ.കെ | 01.04.2016 മുതൽ 30.06.2016 വരെ |
| | ശ്രീമതി. ഉഷാകുമാരി | 01.07.2016 മുതൽ 11.01.2017 വരെ |
| | ശ്രീ.എം.പി.മഹീധരൻ | 12.01.2017 മുതൽ 31.03.2017വരെ |
| വെറ്ററിനറി സ്രുജൻ | ശ്രീ.എ.വി.അരുൺകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷിജി.എൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്സ്, അലോപ്പതി | ശ്രീമതി.എം.ടി.അമൂല്യ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 - ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 1 | വിവിധോദ്ദേശ ഫണ്ടിന്റെ ഒരു ഗഡു പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ നാളിതു വരെ വരവു വന്നിട്ടില്ല | 2-1 |

| | | |
|---|---|---|
| 2 | മൊബൈൽ ടവർ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല | 2-2 |
| 3 | ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 2-3 |
| 4 | ബി.എസ്.എൻ.എൽ. സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-4 |
| 5 | ഡി.&ഒ. ലൈസൻസ്-അപാകതകൾ | 2-5 |
| ഭാഗം 3-ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 1 | ഫണ്ട് വിനിയോഗം- പദ്ധതിപ്പണം ലാപ്സായി | 3-1 |
| 2 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-2 |
| 3 | വെറ്റിനറി സർജൻ ഉയർന്ന നിരക്കിൽ വാഹന വാടക അനുവദിച്ചു | 3-3 |
| 4 | ആയുർവേദ മരുന്ന വിതരണ പദ്ധതി നടപ്പിലാക്കിയിട്ടില്ല | 3-4 |
| 5 | ആയുർവേദ, ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം | 3-5 |
| 6 | ആശ്രയ പദ്ധതി നടത്തിപ്പ്- അവലോകനം | 3-6 |
| 7 | വിവിധ പദ്ധതികൾക്കായി കൈമാറിയ തുകകൾ- വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 3-7 |
| 8 | ഒ.ഡി.എഫ് പദ്ധതി- അപാകതകൾ | 3-8 |
| 9 | 2015-16 വർഷത്തെ കക്കൂസ് നിർമാണ പദ്ധതി നിലച്ചു | 3-9 |
| 10 | ഐ.എ.വൈ.വിഹിതം-വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 3-10 |
| 11 | ഇ.എം.എസ്. ഭവന പദ്ധതിയിൽ 6 വീടുകൾ പൂർത്തിയാക്കാതെ ഉപേക്ഷിച്ചു | 3-11 |
| 12 | പ്രഥമ ശുശ്രൂഷാ കിറ്റ് വിതരണം- അപാകതകൾ | 3-12 |

| | | |
|---|---|---|
| 13 | എസ്.എസ്.എ. വിഹിതം- വിനിയോഗ വിവരങ്ങൾ ഇല്ല | 3-13 |
| 14 | പത്രങ്ങളും മാഗസിനുകളും വിതരണം ചെയ്യുന്നതിലെ അപാകതകൾ | 3-14 |
| 15 | ഭവന പദ്ധതികളിൽ ബാക്കിയുള്ള ഭവനങ്ങൾ | 3-15 |
| 16 | കുടിവെള്ള വിതരണം- അപാകതകൾ | 3-16 |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |

അനുബന്ധം

1. റസീറ്റ് & പേമെന്റ് അക്കൗണ്ട്

2.ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്

3. ബാലൻസ് ഷീറ്റ്

4. ഓഡിറ്റ് സാക്ഷ്യപത്രം


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 03.03.2016 തിയതിയിലെ 49/16 നം.തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ ഓഡിറ്റിൽ താരതമ്യം ചെയ്യിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 06.07.2017 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഓഡിറ്റിന്റെ ഭാഗമായി 20.07.2017 ന് നടത്തി. വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജനറൽ പർപ്പസ് ഫണ്ടിന്റെ ഒരു ഗഡു 6,60,946 രൂപ നാളിതു വരെ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ വരവു വന്നിട്ടില്ല. ധനകാര്യ പത്രിക പ്രകാരം മുഴുവൻ തുകയും ട്രഷറി അക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. വരവു വരാത്ത തുക ജനറൽ പർപ്പസ് ഫണ്ടിന്റെ ട്രഷറി അക്കൗണ്ട് ആയ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിന്റെ (നം. 14/77) 31.03.2017 ലെ റിക്കൺസിലിയേഷനിൽ കാണിച്ചിട്ടില്ല.

2) 31.03.2017 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി.7 ൽ 340100102, 340100103, 340100202, 340109901, 340200101, 340200102 എന്നീ ഹെഡുകളിൽ പഞ്ചായത്തിന് വിവിധ ഇനങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റ് തുകകളിൽ ബാക്കിയുള്ള തുക ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുകകളുമായി ബാലൻസ് ഷീറ്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. ഉദാ- 340109901- other deposits എന്ന ഹെഡിൽ ഇലക്ഷൻ ഡെപ്പോസിറ്റ് തുകകളാണ് കാണിച്ചിട്ടുള്ളത്. 31.03.2017 ൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 43,000 രൂപ ഈയിനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് ബാദ്ധ്യത 32,000 രൂപ മാത്രമാണ്.

3) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 350800299- other creditors എന്ന ഹെഡിൽ 8,04,819 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. എന്നാൽ, ഇത്തരത്തിലൊരു ബാദ്ധ്യത നിലവിലുള്ളതായി പരിശോധനയിൽ കാണുന്നില്ല.

4) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 412010101- capital work in progress എന്ന ഹെഡിൽ 10,23,356 രൂപ ആസ്തി കാണുന്നു. ഇതിന്റെ തുടർ പരിശോധനയിൽ വിവിധ റോഡ് നിർമാണ/റിപ്പയർ പ്രവൃത്തികൾക്കായി ടാറും എമുൽഷനും വാങ്ങുന്നതിനായി 2016-17 വ്രഷം ഓയിൽ കമ്പനികൾക്ക് അഡ്വാൻസ് നൽകിയ തുകയാണ് ഈ ഹെഡിൽ ചേർത്തതെന്ന് കാണുന്നു. എന്നാൽ 2016-17 ൽ ആകെ 17,17,605 രൂപ അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. എന്നാൽ 10,23,356 രൂപ മാത്രമേ ഈ ഹെഡിലേക്ക് മാറ്റിയിട്ടുള്ളൂ.

5) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 460100199-other advances എന്ന ഹെഡിൽ 2,23,824 രൂപ ആസ്തിയായി കാണിച്ചിട്ടുണ്ട്. ഇ.എം.എസ്. ലോൺ തിരിച്ചടവിനായി വി.ഇ.ഒ. വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 10,42,207 രൂപയിൽ 8,18,883 രൂപ മാത്രമേ ലോൺ പൂർണമായും തിരിച്ചടക്കുന്നതിന് വേണ്ടി വന്നുള്ളൂ. ബാക്കി 2,23,324 രൂപ 22.05.2017ന് സഞ്ചിത നിധിയിൽ തിരിച്ചടക്കുകയാണുണ്ടായത്. വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കൈവശം സൂക്ഷിച്ച ഈ തുകയ്ക്ക് തത്തുല്യമായ ഏതു ബാദ്ധ്യതാ ഹെഡിലാണ് ഈ തുക

കാണിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

6) ബസ്സ് സ്റ്റാന്റ് ലേല തുകയിനത്തിൽ തൻവർഷ വരവു തുക ലേല രജിസ്റ്റർ പ്രകാരം 37,008 രൂപയാണ്. എന്നാൽ വരവു ചെലവു സ്റ്റേറ്റ്മെന്റ് പ്രകാരം ഈ തുക 30,840 രൂപ മാത്രമാണ്.

7) 320100121- I.C.D.S.-Centrally sponsored Scheme എന്ന ഹെഡിലെ 2016-17 ലെ യഥാർത്ഥ കണക്ക് ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്- 3,18,750

വരവ്- 12,99,446

ആകെ- 16,18,196

ചെലവ്- 15,33,670 (പ്രോജക്റ്റ് നം. 38/17- 9,22,431 രൂപ, പ്രോജക്റ്റ് നം. 43/17- 4,11,239 രൂപ, പ്രോജക്റ്റ് നം. 45/17- 2,00,000 രൂപ)

നീക്കിയിരിപ്പ്- 84,256 രൂപ

എന്നാൽ പഞ്ചായത്തിന്റെ വാർഷിക കണക്ക് പ്രകാരം ഈയിനത്തിന്റെ വരവു ചെലവു വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

മുന്നിരിപ്പ്- 3,18,750

വരവ്- 12,99,446

ആകെ- 16,18,196

ചെലവ്- 4,11,239 (ഏതൊക്കെ പ്രോജക്ടുകൾ എന്ന് രേഖപ്പെടുത്തിയിട്ടില്ല.)

നീക്കിയിരിപ്പ്- 12,06,957 രൂപ

8) 320100115- centrally sponsored scheme- Total Sanitation Campaign എന്ന ഹെഡിൽ മുന്നിരിപ്പടക്കം ലഭ്യമായ 37,17,296 രൂപയിൽ 9,50,000 രൂപ ഒ.ഡി.എഫ്. പദ്ധതിക്ക് നടത്തിയ ചെലവായി കാണിച്ചിട്ടുണ്ട്. ഇതിനു പുറമേ 2,40,064 രൂപ സെക്രട്ടറി, എ.ഇ. എന്നിവരുടെ ചെലവായും, 11,22,431 രൂപ 38,45 എന്നീ പ്രോജക്ടുകൾക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഉപയോഗിച്ച ഫണ്ടായും ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഒ.ഡി.എഫ്. പദ്ധതിക്കായി മറ്റു ഫണ്ടുകളിൽ നിന്നും ഉപയോഗിച്ച അത്രയും തുക ശുചിത്വ കാമ്പെയിൻ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാം എന്ന സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് പ്രോജക്റ്റ് നം.38/17, 45/17 എന്നിവയ്ക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ ചെലവഴിച്ച തുക ടി.എസ്.സി. ഫണ്ടിന്റെ കണക്കിൽ കാണിച്ചത്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ വികസന ഫണ്ടും പോഷകാഹാര പദ്ധതിക്ക് ലഭിച്ച കേന്ദ്ര വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമാണ് ഉപയോഗിച്ചത്. മറ്റു വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കേണ്ടിയിരുന്ന തുക ഐ.സി.ഡി.എസ്. സൂപ്പർവൈസർ ചെലവഴിച്ച തുകയായി രേഖപ്പെടുത്തി ഐ.സി.ഡി.എസ്. സൂപ്പർവൈസർ ചെലവഴിച്ച കേന്ദ്രവിഹിതം ചെലവഴിക്കാതെ ബാക്കിയായി കാണിച്ചത് ശരിയല്ല. കേന്ദ്ര വിഹിതം തുകയുടെ വരവു ചെലവുകൾ ചുവടെ ചേർത്ത പ്രകാരമാണ്.

മുന്നിരിപ്പ്- 3,18,750

വരവ്- 12,99,446

ആകെ- 16,18,196

ചെലവ്- 15,33,670 (പ്രോജക്റ്റ് നം. 38/17- 9,22,431 രൂപ, പ്രോജക്റ്റ് നം. 43/17- 4,11,239രൂപ, പ്രോജക്റ്റ് നം. 45/17- 2,00,000 രൂപ)

നീക്കിയിരിപ്പ്- 84,256 രൂപ

ആയതിനാൽ 320100115- centrally sponsored scheme- Total Sanitation Campaign എന്ന ഹെഡിലെ യഥാർത്ഥ വരവു ചെലവുകൾ ചുവടെ ചേർത്ത പ്രകാരമാണ് വേണ്ടിയിരുന്നത്.

മുന്നിരിപ്പ്- 2,11,060

വരവ്- 35,06,236

ആകെ- 37,17,296

ചെലവ്- 9,50,000

ബാക്കി- 27,67,296

9) 2016-17 ൽ വിവിധ പദ്ധതികളിലായി 7,93,750 രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക പഞ്ചായത്തിന്റെ വരവു ചെലവു കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,72,88,853 |
| വരവ് | 12,24,53,427 |
| ആകെ | 13,97,42,280 |
| ചെലവ് | 11,68,20,174 |
| നീക്കിയിരിപ്പ് | 2,29,22,106 |

മേൽ വരവു ചെലവുകളിൽ തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുകയായ 2,74,28,513 രൂപയും പെൻഷൻ ഡി.ബി.ടി. തുകയായ 3,26,43,805 രൂപയും ഉൾപ്പെടുന്നു.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്- പൊതുവിഭാഗം | - | 1,20,06,707 | 1,20,06,707 | 1,20,06,707 | - |
| വികസനഫണ്ട്- എസ്.സി.പി. | - | 70,88,290 | 70,88,290 | 70,88,290 | - |
| വികസനഫണ്ട്-ടി.എസ്.പി. | - | 11,15,000 | 11,15,000 | 11,15,000 | - |

| | | | | | |
|---|---|---|---|---|---|
| 13-ാംധനകാര്യകമ്മീഷൻഗ്രാന്റ് | - | 78,92,891 | 78,92,891 | 78,92,891 | - |
| പെർഫോമൻസ് ഗ്രാന്റ് | - | 2,97,475 | 2,97,475 | 2,97,475 | - |
| സംരക്ഷണഗ്രാന്റ്-റോഡ് | - | 13,24,776 | 13,24,776 | 13,24,776 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 14,88,101 | 14,88,101 | 14,88,101 | - |
| തൊഴിലുറപ്പ് പദ്ധതി | 17,424 | 2,86,50,578 | 2,86,68,002 | 2,86,12,336 | 55,666 |
| ബി. ഫണ്ട്. | - | 3,30,16,205 | 3,30,16,205 | 3,30,16,205 | - |

തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുക- 2,74,28,513 രൂപ

പെൻഷൻ ഡി.ബി.ടി. തുക- 3,26,43,805

ഫണ്ടുകളുടെ അലോട്ട്മെന്റ്, ചെലവ്, ചെലവ് ശതമാനം തുടങ്ങിയ വിവരങ്ങൾ

| ഫണ്ട് | മുന്നിരിപ്പ് | 2016-17 ലെ അലോട്ട്മെന്റ് | മുന്നിരിപ്പും അലോട്ട്മെന്റും ഉൾപ്പെടെ ലഭ്യമായ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,41,91,170 | 1,41,91,170 | 1,20,06,707 | 84.61% |
| വികസനഫണ്ട് എസ്.സി.പി. | 0 | 83,25,015 | 83,25,015 | 70,88,290 | 85.14% |
| വികസനഫണ്ട്ടി.എസ്.പി. | 0 | 23,04,996 | 23,04,996 | 11,15,000 | 48.37% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 79,58,176 | 79,58,176 | 78,92,891 | 99.18% |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 33,11,316 | 33,11,316 | 2,97,475 | 8.98% |
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാനം) | 0 | 10,95,404 | 10,95,404 | 0 | 0 |
| സ്പെഷ്യൽ ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 81,76,314 | 81,76,314 | 13,24,776 | 16.2% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 38,54,154 | 38,54,154 | 14,88,101 | 38.61% |

| | | | | | |
|---|---|---|---|---|---|
| ആകെ | 0 | 4,92,16,545 | 4,92,16,545 | 3,12,13,240 | 63.42% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 7,96,74,222 | 85 | 3,89,37,949 | - | 62 | 58 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | | നടപ്പിലാക്കിയ പ്രോജക്റ്റുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 5 | 8,81,978 | 3 | 3,28,700 | 37.26% |
| 2 | വെറ്ററിനറി സർജൻ | 10 | 77,60,000 | 10 | 23,75,000 | 30.60% |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 2 | 10,00,000 | 2 | 9,79,321 | 98% |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 2,00,000 | 1 | 2,00,000 | 100% |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 8,02,850 | 2 | 8,02,850 | 100% |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 1,93,14,618 | 10 | 1,55,91,618 | 80.72% |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 51,17,470 | 7 | 45,21,532 | 88.35% |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 17 | 54,42,893 | 12 | 35,12,542 | 64.53% |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 2,18,69,829 | 25 | 20,93,345 | 9.57% |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഹെഡ് മാസ്റ്റർ | 4 | 6,17,000 | 4 | 5,98,041 | 97% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 20 | 1,66,67,584 | 9 | 79,35,000 | 47.60% |

# 1-7 തനത് വരുമാനം

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 30,61,976 | 30,74,796 | (+)12,820 |
| നികുതിയേതര വരവുകൾ | 13,13,278 | 14,34,639 | (+)1,21,361 |
| മറ്റുവരവുകൾ | 4,79,071 | 3,64,925 | (-)1,14,146 |
| ആകെ | 48,54,325 | 48,74,360 | (+)20,035 |

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വസ്തു നികുതി (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 20,19,311 | 19,65,796 | (-)53,515 | (-)2.65% |
| തൊഴിൽ നികുതി (വ്യാപാരികൾ, സ്ഥാപനങ്ങൾ) (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 1,99,895 | 2,20,000 | (+)20,105 | (+)10.05% |
| തൊഴിൽ നികുതി (ജീവനക്കാർ) | 8,42,770 | 8,89,000 | (+)46,230 | (+)5.45% |
| ആകെ നികുതി വരവ് | 30,61,976 | 30,74,796 | (+)12,820 | (+)0.004% |
| ലൈസൻസ് ഫീസ് (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 50,850 | 63,560 | (+)12,710 | (+)25% |
| ബസ് സ്റ്റാന്റ് വരവ് | 68,650 | 37,008 | (-)31,642 | (-)46.09% |
| വാടക വരവ് | 5,87,314 | 6,50,944 | (+)63,630 | (+)10.83% |
| ഫീസുകൾ, ഫൈനുകൾ, യൂസർ ചാർജ്ജുകൾ | 2,60,182 | 4,84,407 | (+)2,24,225 | (+)86.18% |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റു ഫോറങ്ങളുടെയും വിറ്റു വരവ് | 4,08,282 | 1,98,720 | (-)2,09,562 | (-)51.32% |

| | | | | |
|---|---|---|---|---|
| ആകെ നികുതിയേതര വരവ് | 13,13,278 | 14,34,639 | (+)1,21,361 | 9.24% |
| ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ | 4,79,071 | 3,64,925 | (-)1,14,146 | (-)23.82% |
| ആകെ മറ്റു വരവുകൾ | 4,79,071 | 3,64,925 | (-)1,14,146 | (-)23.,82% |
| ആകെ തനതു വരുമാനം | 48,54,325 | 48,74,360 | (+)20,035 | (+)0.41% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 62,400 | 35 |
| കർഷക തൊഴിലാളി പെൻഷൻ | 17,88,940 | 208 |
| വിധവാ പെൻഷൻ | 95,34,390 | 1003 |
| വാർദ്ധക്യകാല പെൻഷൻ | 1,80,37,855 | 1512 |
| വികലാംഗ പെൻഷൻ | 28,80,170 | 323 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,70,000 | |
| 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,02,450 | 43 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 517/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.07.2017 & 03.07.2017 | 06/17 | 03.07.2017 | ഇല്ല |

| | | | | |
|---|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.03.2012 മുതൽ 21.03.2012 വരെ | 2007-08 | 07.05.2012 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിവിധോദ്ദേശ ഫണ്ടിന്റെ ഒരു ഗഡു പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ നാളിതു വരെ വരവു വന്നിട്ടില്ല

2016-17 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിനുള്ള വിവിധോദ്ദേശ ഫണ്ട് വിഹിതം 79,31,352 രൂപയാണ്. 6,60,946 രൂപയുടെ 12 ഗഡുക്കളായി ഈ തുക പഞ്ചായത്തിന്റെ പേരിൽ മാലക്കല്ല് സബ് ട്രഷറിയിലുള്ള സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിൽ (നം.14/77) വരവു വരേണ്ടതായിരുന്നു. പഞ്ചായത്തിന് ലഭിച്ച 12ാം ഗഡു അലോട്ട്മെന്റ് ട്രഷറി അക്കൗണ്ടിൽ വരവു വരുത്താനായി ട്രഷറിയിൽ 30.03.2017 ന് സമർപ്പിച്ചതായി ബിൽ ബുക്ക് പരിശോധിച്ചതിൽ കാണുന്നു. ഇത് പാസാക്കി ട്രഷറി ബിൽ ബുക്കിൽ ട്രഷറി ഓഫീസർ ഒപ്പു വച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ ഈ ഗഡു വരവു വന്നതായി കാണുന്നില്ല. നാളിതു വരെ ഈ തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. ഈ തുക വരവു വയ്ക്കുന്നതിനായി ട്രഷറി ഓഫീസർ, ഡി.ഡി.പി. എന്നിവർക്ക് കത്തുകളയച്ചിട്ടുണ്ടെങ്കിലും തുക നാളിതു വരെ വരവു വച്ചിട്ടില്ല എന്നാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചത്. ഈ വിഷയം അടിയന്തിരമായി പരിഗണിച്ച് തുക അക്കൗണ്ടിൽ വരവു വച്ച് ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-2 മൊബൈൽ ടവർ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഒ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 17.12.2011ലെ തീരുമാനം നമ്പർ 129/2011 (1)പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 11 മൊബൈൽ ടവറുകളിൽ നിന്നും 2016-17 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കുടിശ്ശികയുൾപ്പടെയുള്ള വസ്തു നികുതി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ഓപ്പറേറ്റർ / ഉടമ | കെട്ടിട നമ്പർ | വിസ്തീർണ്ണം (Sqm) | വസ്തു നികുതി കുടിശ്ശിക | വസ്തു നികുതി കുടിശ്ശിക തൻ വർഷം 2016-2017 | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | വോഡാഫോൺ എസ്സാർ | IV/192 | 15m$^2$ | 9,450 | 9,450 | 18,900/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | എസ്സാർ ടെലികോം | IV 525A | $15m^2$ | - | 6,298 | 6,298/- |
| 3 | വോഡാഫോൺ എസ്സാർ | V 469 | $15m^2$ | 31,022 | 7,875 | 38,897/- |
| 4 | റിലയൻസ് കമ്മ്യൂണിക്കേഷൻ | V/478 | $15m^2$ | 31,021 | 7,875 | 38,896/- |
| 5 | റിലയൻസ് | VI/103A | $15m^2$ | 34,173 | 8,663 | 42,836/- |
| 6 | സന്ല കുമാർ | X/345 | $20m^2$ | 37,233 | 9,450 | 46,683/- |
| 7 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | XI/168 | $18m^2$ | 9,449 | 9,450 | 18,900/- |
| 8 | സുദേവൻ.വി.ഡി | XII/45 | $16m^2$ | 33,600 | 8,400 | 42,000/- |
| 9 | ഐഡിയ | XV/63 | $16m^2$ | 9,242 | 9,242 | 18,482/- |
| 10 | ജയലാൽ മേനോൻ | XV/ 458 | $15m^2$ | 8,663 | 8,663 | 17,326/- |
| 11 | വോഡാഫോൺ എസ്സാർ | XV/467 | $15m^2$ | 9,450 | 9,450 | 18,900/- |
| | ആകെ | | | 2,13,303/- | 94,814/- | 3,08,117/- |

## 2-3 ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷത്തിൽ ഇ. ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുകകൾ തദ്ദേശ സ്വയം ഭരണ വകുപ്പ് കാസറഗോഡ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കെട്ടിക്കിടക്കുകയാണ്. തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ഒരു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ് | പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|---|
| 1 | കരിവേടകം- ചുഴിപ്പ്- മാനടുക്കം റോഡ് ടാറിംഗ്/ റീടാറിംഗ് | 4 | 1,470/- | 5,880/- |
| 2 | അത്തിയഡുക്കം-കാഞ്ഞനടുക്കം റോഡ് ടാറിംഗ് | 2 | 1,050/- | 2,100/- |

| | | | | |
|---|---|---|---|---|
| 3 | മാക്കളിപ്പാറ ചാടകം – താന്നിക്കൽ റോഡ് റീടാറിംഗ് | 2 | 1,260/- | 2,520/- |
| 4 | തവനം സ്കൂൾ നവീകരണവും കോമ്പൗണ്ട് വാൾ നിർമ്മാണവും | 4 | 2,100/- | 8,400/- |
| 5 | കരിവേടകം – ചൂരിത്തോട് റോഡ് റീടാറിംഗ് | 2 | 1,260/- | 2,520/- |
| 6 | ബീംബുങ്ങാൽ-കാനീലടുക്കം റോഡ് റീടാറിംഗ് | 2 | 1,050/- | 2,100/- |
| 7 | ബന്തടുക്ക ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം | 2 | 1,470/- | 2,940/- |
| 8 | മാലംകുണ്ട് തുമ്പോളി – ചാമുണ്ടിക്കുന്ന് റോഡ് റീടാറിംഗ് | 2 | 1,050/- | 2,100/- |
| 9 | അനിക്കാൽ ഒറ്റമാവുങ്കൽ – പുതിയ പറമ്പ് റോഡ് റീടാറിംഗ് | 3 | 1,050/- | 3,150 |
| 10 | കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ നവീകരണ പ്രവൃത്തി | 2 | 1,580/- | 3,160/- |
| 11 | കുറ്റിക്കോൽ-കുരാമ്പ് റോഡ് ടാറിംഗ് | 1 | 1,050/- | 1,050/- |
| 12 | ബന്തടുക്ക ബസ് സ്റ്റാന്റ് നവീകരണം | 3 | 2,650/- | 7,950/- |
| 13 | പള്ളത്തുങ്കാൽ കളക്കര റോഡ് വികസനം | 2 | 1,050/- | 2,100/- |
| | ആകെ തുക | | | 45,970/- |

മേൽ തുകകൾ പഞ്ചായത്തിന് ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിന്

ലഭ്യമാക്കേണ്ടതുമാണ്.

## 2-4 ബി.എസ്.എൻ.എൽ സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 02/22.07.2017).

## 2-5 ഡി.ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| | | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | |
|---|---|---|---|---|---|
| 2015-2016 വർഷത്തിൽ ലൈസൻസ് എടുത്തവര് | പുതിയതായി അപേക്ഷിച്ചവർ | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ |
| 356 | 79 | 1 | 297 | 58 | 435 |

ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട്

ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 100%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയൊണന്നും ഉറപ്പുവരുത്താൻ സാധിക്കാതെ വരുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ

വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗം- പദ്ധതികളുടെ നിർവഹണത്തിലെ വീഴ്ച- പദ്ധതിപ്പണം നഷ്ടപ്പെടുന്നു-2016-17 ൽ ലാപ്സായത് 1.8 കോടി രൂപ

വിനിയോഗത്തിൽ പുരോഗതി കൈവരിക്കാനാവാത്തതിനാൽ പഞ്ചായത്തിന് വിവിധ ഫണ്ടുകളായി അലോട്ട്മെന്റ് ലഭിച്ച തുകയിൽ വലിയൊരു ഭാഗം 2016-17 ൽ ലാപ്സായിപ്പോയിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീയിനങ്ങളിൽ 4.92 കോടി രൂപ 2016-17 ൽ പഞ്ചായത്തിന് അലോട്ട്മെന്റ് ലഭിച്ചിരുന്നെങ്കിലും ഇതിൽ 3.12 കോടി രൂപ മാത്രമേ പഞ്ചായത്തിന് 31.03.2017 നുള്ളിൽ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 1.8 കോടി രൂപ പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മ മൂലം ലാപ്സായിപ്പോയി.

ഫണ്ടുകളുടെ അലോട്ട്മെന്റ്, ചെലവ്, ചെലവ് ശതമാനം, സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | 2016-17 ലെ അലോട്ട്മെന്റ് | മുന്നിരിപ്പും അലോട്ട്മെന്റും ഉൾപ്പെടെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ |
|---|---|---|---|---|---|---|

| | | | ലഭ്യമായ തുക | | | പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | ഇല്ല | 1,41,91,170 | 1,41,91,170 | 1,20,06,707 | 84.6% | 21,84,463 |
| വികസനഫണ്ട് എസ്.സി.പി. | ഇല്ല | 83,25,015 | 83,25,015 | 70,88,290 | 85.14% | 12,36,725 |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല | 23,04,996 | 23,04,996 | 11,15,000 | 48.37% | 11,89,996 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 79,58,176 | 79,58,176 | 78,92,891 | 99.17% | 65,285 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | ഇല്ല | 33,11,316 | 33,11,316 | 2,97,475 | 8.98% | 30,13,841 |
| പെർഫോമൻസ് ഗ്രാന്റ്(സംസ്ഥാനം) | ഇല്ല | 10,95,404 | 10,95,404 | - | - | 10,95,404 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | ഇല്ല | 81,76,314 | 81,76,314 | 13,24,776 | 16.2% | 68,51,538 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | ഇല്ല | 38,54,154 | 38,54,154 | 14,88,101 | 38.61% | 23,66,053 |
| ആകെ | ഇല്ല | 4,92,16,545 | 4,92,16,545 | 3,12,13,240 | 63.42% | 1,80,03,305 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗം മികച്ചതാണ്. എന്നാൽ മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ 68.5 ലക്ഷം രൂപയും മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ഇനത്തിൽ 23.66 ലക്ഷം രൂപയും ലോകബാങ്ക് ധനസഹായത്തിൽ നിന്ന് 30.13 വക്ഷം രൂപയും ലാപ്സായത് ശ്രദ്ധിക്കേണ്ടതുണ്ട്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീയിനങ്ങളിൽ നിന്നും 2016-17 ൽ നടത്തിയ ചെലവുകൾ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ആകെ അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6,23,658 | 2,97,450 | 47.69% |
| 2 | വെറ്ററിനറി സർജൻ | 51,45,000 | 15,12,500 | 29.39% |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 9,00,000 | 8,87,175 | 98.57% |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 8,02,850 | 8,02,850 | 100% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ | 1,31,60,098 | 1,14,35,098 | 86.895 |

| | | | | |
|---|---|---|---|---|
| | ഓഫീസർ | | | |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 27,21,140 | 26,62,862 | 97.85% |
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 29,21,326 | 29,07,226 | 99.51% |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 1,99,69,408 | 19,75,038 | 9.89% |
| 9 | ഹെഡ് മാസ്റ്റർ | 6,17,000 | 5,98,041 | 96.92% |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2,00,000 | 2,00,000 | 100% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 1,52,27,025 | 79,35,000 | 52.11% |
| | ആകെ | 6,22,87,505 | 3,12,13,240 | 50.15% |

മേൽ പട്ടികയിൽ നിന്നും ഫണ്ടുകളുടെ വിനിയോഗത്തിൽ വന്ന കുറവ് ഏതു മേഖലയിലാണ് ഉണ്ടായത് എന്ന് വ്യക്തമാണ്. 1.99 കോടി രൂപ വകയിരുത്തിയ 57 പ്രോജക്ടുകളാണ് അസിസ്റ്റന്റ് എഞ്ചിനീയറെ നിർവഹണത്തിനായി ഏൽപ്പിച്ചത്. എന്നാൽ 22 പദ്ധതികളിലായി കേവലം 19.75 ലക്ഷം രൂപ മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ.ചെലവ് ശതമാനം 9.89 മാത്രമാണ്.

അസിസ്റ്റന്റ് എഞ്ചിനീയറെ കൂടാതെ അസിസ്റ്റന്റ് സെക്രട്ടറി, വെറ്റിനറി സർജൻ എന്നിവരുടെ ഫണ്ട് വിനിയോഗവും കുറവാണ്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഉൾപ്പെടുത്തി എല്ലാ നിർവഹണ ഉദ്യോഗസ്ഥൻമാർക്കുമായി 6.22 കോടി രൂപയുടെ പ്രോജക്ടുകളാണ് 2016-17 ൽ തയ്യാറാക്കിയത്. എന്നാൽ ഈയിനങ്ങളിലെ സംസ്ഥാന സർക്കാർ ബജറ്റിലെ വകയിരുത്തൽ 4.92 കോടി രൂപ മാത്രമാണ്. ബജറ്റ് വിഹിതങ്ങൾ ശ്രദ്ധിക്കാതെ കൂടിയ തുകകൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിലെ അനൗചിത്യം ശ്രദ്ധയിൽ കൊണ്ടു വരികയാണ്. ഇങ്ങനെ തയ്യാറാക്കിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലും അടുത്ത വർഷങ്ങളിലേക്ക് മാറ്റി വയ്ക്കുന്നതിലും നഷ്ടപ്പെടുന്ന മനുഷ്യാധ്വാനവും പ്രവൃത്തി സമയവും വളരെ കൂടുതലാണ്. വരും വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ പദ്ധതികളുടെ ആവശ്യകത, ഫീസിബിലിറ്റി, ഫണ്ടുകളുടെ ലഭ്യത എന്നീ കാര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് ഓഡിറ്റിൽ നിർദേശിക്കുന്നു. കൂടാതെ പദ്ധതികൾ പദ്ധതി കലണ്ടർ, സർക്കാർ കാലകാലങ്ങളിൽ നിശ്ചയിക്കുന്ന സമയക്രമം എന്നിവ പാലിച്ചു കൊണ്ട് തയ്യാറാക്കി പദ്ധതി നിർവഹണത്തിന് ആവശ്യമായ സമയം ലഭ്യമാക്കിക്കൊണ്ടു തന്നെ പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കണമെന്നും ഓഡിറ്റിൽ നിർദേശിക്കുന്നു.

## 3-2 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകളും നിർവഹണത്തിലെ വീഴ്ചകളും

വെറ്റിനറി സർജൻ 2016-17 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ, ആട് വളർത്തൽ പദ്ധതി (ജനറൽ) പദ്ധതി നം. 165/17), ആട് വളർത്തൽ പദ്ധതി (പട്ടികവർഗ്ഗം) പദ്ധതി നം.166/17), മലവേട്ടുവ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ആട് വളർത്തൽ പദ്ധതി (പദ്ധതി നം.167/17), പട്ടികജാതിക്കാരായ വനിതകൾക്ക് ആട് വളർത്തൽ പദ്ധതി (പദ്ധതി നം.168/17), പട്ടികവർഗ്ഗക്കാരായ മലവേട്ടുവ വനിതകൾക്ക് പശു വളർത്തൽ പദ്ധതി (പദ്ധതി നം.169/17) എന്നിവയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

I. ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി നൽകിയത്

പന്ത്രണ്ടാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പെണ്ണാടിനെ (മൂന്നെണ്ണം) വാങ്ങുമ്പോൾ അനുവദിക്കാവുന്ന സബ്സിഡി (വ്യക്തിഗതം) പരമാവധി ₹ 12,000/- രൂപയോ, യഥാർത്ഥ വിലയുടെ 50%, ഇവയിൽ ഏതാണോ കുറവ് അതിൽ നിജപ്പെടുത്തേണ്ടതാണ്. പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് ഇവ യഥാക്രമം ₹ 15,000/- രൂപയോ, യഥാർത്ഥ വിലയുടെ 75%, ഇവയിൽ ഏതാണോ കുറവ് അതിൽ നിജപ്പെടുത്തേണ്ടതാണ്. കറവപ്പശുവിനെ വാങ്ങുമ്പോൾ പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന സബ്സിഡി (വ്യക്തിഗതം) പരമാവധി ₹ 15,000/- രൂപയോ, യഥാർത്ഥ വിലയുടെ 50%, ഇവയിൽ ഏതാണോ കുറവ് അതിൽ നിജപ്പെടുത്തേണ്ടതും, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് ഇവ യഥാക്രമം ₹ 20,000/- രൂപയോ, യഥാർത്ഥ വിലയുടെ 75%, ഇവയിൽ ഏതാണോ കുറവ് അതിൽ നിജപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾക്ക് കൂടിയ തുക സബ്സിഡി അനുവദിച്ചതായി കാണുന്നു. മാർഗ്ഗരേഖയിലെ അനുബന്ധം 15 ലെ ഖണ്ഡിക 2-2 ൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഈ വിഷയത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയും വാങ്ങിയിട്ടില്ല.

എ) പദ്ധതി നം.165/17 ; വികസന ഫണ്ട്(ജനറൽ) ; ബിൽ നം : P7/16-17 ; തി. 31.03.2017 ;
തുക –₹ 1,27,500/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | ആടിന്റെ മൊത്തവില (വിലച്ചീട്ടിലേത്) | സബ്സിഡി തുക @ 50% | | |
|---|---|---|---|---|---|---|
| | | | | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം നൽകിയത് |
| 1 | റോഷ്ന മാത്യൂ | ജെസ്സി ടോമി | 12,500 | 6,250 | 7,500 | 1,250 |
| 2 | ഓമന സി | ലക്ഷ്മി സി | 14,500 | 7,250 | 7,500 | 250 |
| | | | | | | 1,500 |

ബി) പദ്ധതി നം.166/17 ; വികസന ഫണ്ട്(ടി.എസ്.പി) ; ബിൽ നം : P1/17-18 ; തി. 06.07.2017 ;

തുക –₹ 2,25,000/- (ഈ ബിൽ 'QUE SYSTEM'ൽ ആയിരുന്നു)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | ആടിന്റെ മൊത്തവില (വിലച്ചീട്ടിലേത്) | സബ്സിഡി തുക @ 75% | | |
|---|---|---|---|---|---|---|
| | | | | അനുവദി ക്കാവുന്നത് | അനുവദിച്ചത് | അധികം നൽകിയത് |
| 1 | കേശവ നായ്ക്ക്,ചുഴിപ്പ് | ഗോപാലൻ, കെ. | 15,000 | 11,250 | 15,000 | 3,750 |
| 2 | ചിറ്റ, W/oചാണ | പി.എ.മുഹമ്മദ് | 15,000 | 11,250 | 15,000 | 3,750 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അംബിക, എം. | സുരേഷ് കുമാർ എൻ.ജെ | 17,000 | 12,750 | 15,000 | 2,250 |
| 4 | കമ്മാടത്തി,D/oചെല്ലി | ചെരുമ്പി, എച്ച്. | 18,000 | 13,500 | 15,000 | 1,500 |
| 5 | സുമിത, ആർ. | സുന്ദരൻ, കെ. | 15,000 | 11,250 | 15,000 | 3,750 |
| | | | | | | 15,000 |

**സി)** പദ്ധതി നം.167/17 ; വികസന ഫണ്ട് (എസ്.സി.പി) ; ബിൽ നം : P3/17-18 ; തി. 06.07.2017 ;

തുക –₹ 1,65,000/- (ഈ ബിൽ 'QUE SYSTEM'ൽ ആയിരുന്നു)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | ആടിന്റെ മൊത്തവില (വിലച്ചീട്ടിലേത്) | സബ്സിഡി തുക @ 75% | | |
|---|---|---|---|---|---|---|
| | | | | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം നൽകിയത് |
| 1 | കൽപ്പന,W/o സുകുമാരൻ | കെ.എം.ഇബ്രാഹിം | 15,000 | 11,250 | 15,000 | 3,750 |
| 2 | എച്ച്.ചോമു | നാരായണൻ | 18,000 | 13,500 | 15,000 | 1,500 |
| 3 | തങ്കമണി, എ. | സി.മുഹമ്മദ് | 18,000 | 13,500 | 15,000 | 1,500 |
| | | | | | | 6,750 |

**ഡി)** പദ്ധതി നം.167/17 ; വികസന ഫണ്ട്(എസ്.സി.പി) ; ബിൽ നം : P1/16-17 ; തി. 10.03.2017 ;

തുക –₹ 1,80,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | ആടിന്റെ മൊത്തവില (വിലച്ചീട്ടിലേത്) | സബ്സിഡി തുക @ 75% | | |
|---|---|---|---|---|---|---|
| | | | | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം നൽകിയത് |
| 1 | കാർത്യായനി, W/o ബാലൻ | ശാന്ത, W/o മാധവൻ | 15,000 | 11,250 | 15,000 | 3,750 |

വിലച്ചീട്ടിലെ, പർച്ചേസ് കമ്മറ്റി റിപ്പോർട്ടിൽ 15,000/- രൂപയെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ വിലച്ചീട്ടിലെ ആദ്യഭാഗത്ത് 15,000/- എന്നെഴുതിയത് തിരുത്തി 35,000/- എന്നാക്കി മാറ്റിയിട്ടുണ്ട്.അതിനാൽ യഥാർത്ഥ വില 15,000/- രൂപയെന്ന് കണക്കാക്കുന്നു.

ഇ) പദ്ധതി നം.167/17 ; വികസന ഫണ്ട്(എസ്.സി.പി) ; ബിൽ നം : P4/16-17 ; തി. 28.03.2017 ; തുക –₹ 1,95,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | ആടിന്റെ മൊത്തവില (വിലച്ചീട്ടിലേത്) | സബ്സിഡി തുക @ 75% | | |
|---|---|---|---|---|---|---|
| | | | | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം നൽകിയത് |
| 1 | മദിയ,W/o വെളുത്തൻ | ലൈസ ബെഞ്ചമിൻ | 17,800 | 13,350 | 15,000 | 1,650 |
| 2 | സുമ കൃഷ്ണൻ | അലീമ,W/oഹംസ | 14,500 | 10,875 | 15,000 | 4,125 |
| 3 | ലീല കൃഷ്ണൻ | നാരായണി, എച്ച്. | 19,000 | 14,250 | 15,000 | 750 |
| 4 | ഗൗരി, ബി. | അഗസ്റ്റിൻ ഇഗ്നേഷ്യസ് | 15,720 | 11,790 | 15,000 | 3,210 |
| 5 | അമ്മിണി,W/o നാരായണൻ | ദീപ മാരിപടുപ്പ് | 13,000 | 9,750 | 15,000 | 5,250 |
| | | | | | | 14,985 |

എഫ്) പദ്ധതി നം.167/17 ; വികസന ഫണ്ട്(എസ്.സി.പി) ; ബിൽ നം : P12/16-17 ; തി. 31.03.2017 ; തുക –₹ 75,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | ആടിന്റെ മൊത്തവില (വിലച്ചീട്ടിലേത്) | സബ്സിഡി തുക @ 75% | | |
|---|---|---|---|---|---|---|
| | | | | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം നൽകിയത് |
| 1 | സുമതി, W/o. രാമൻ | മീനാക്ഷി | 18,000 | 13,500 | 15,000 | 1,500 |
| 2 | സുശീല,W/o.ഗോപാലൻ | മത്തായി | 18,000 | 13,500 | 15,000 | 1,500 |
| 3 | ബിന്ദു,എം.W/o.ബാബുരാജ് | അംബിക കെ | 16,000 | 12,000 | 15,000 | 3,000 |

| | |
|---|---|
| | 6,000 |

| ജി) പദ്ധതി നം.168/17 ; വികസന ഫണ്ട്(എസ്.സി.പി) ; ബിൽ നം : P9/16-17 ; തി. 31.03.2017 ; തുക –₹ 60,000/- | | | | | | |
|---|---|---|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | ആടിന്റെ മൊത്തവില (വിലച്ചീട്ടിലേത്) | സബ്സിഡി തുക @ 75% | | |
| | | | | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം നൽകിയത് |
| 1 | ഉഷ, സി. ആർ. | വിജയൻ, കെ, | 15,000 | 11,250 | 15,000 | 3,750 |

| എച്ച്) പദ്ധതി നം.169/17 ; വികസന ഫണ്ട്(എസ്.സി.പി) ; ബിൽ നം : P8/16-17 ; തി. 31.03.2017 ; തുക –₹ 1,20,000/- | | | | | | |
|---|---|---|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പശുവിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | പശുവിന്റെ മൊത്തവില (വിലച്ചീട്ടിലേത്) | സബ്സിഡി തുക @ 75% | | |
| | | | | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം നൽകിയത് |
| 1 | കമ്മാടത്തി,/W/o വെള്ളാടി (L) | സരോജിനി, കെ. | 25,000 | 18,750 | 20,000 | 1,250 |
| 2 | സുശീല,കെ.W/oബാലൻ | ജയ്യമ്മ കുര്യാക്കോസ് | 21,500 | 16,125 | 20,000 | 3,875 |
| 3 | ലക്ഷ്മി,/ W/o മൊണ്ണൻ | നളിനി വി. കെ. | 20,000 * | 15,000 | 20,000 | 5,000 |
| | | | | | | 10.125 |

* വിലച്ചീട്ടിൽ ഇരുപതിനായിരം രൂപ എന്നെഴുതിയതിന്റെ മുകളിലൂടെ മുപ്പതിനായിരം രൂപ എന്നെഴുതി ചേർത്തിരിക്കുകയാണ്. അതിനാൽ യഥാർത്ഥ വില ₹ 20,000/- എന്ന് കണക്കാക്കുന്നു.

അതിനാൽ മാർഗ്ഗരേഖയിലെ അനുബന്ധം 15 ലെ ഖണ്ഡിക 2-3 ൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ, മുകളിൽ സൂചിപ്പിച്ച ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള, അധികമായി അനുവദിച്ച ആകെ സബ്സിഡി തുകയായ ₹ 61,860/- രൂപ, നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടക്കേണ്ടതാണ്.

<u>II. വില രേഖപ്പെടുത്താത്ത വിലച്ചീട്ടുകൾ സമർപ്പിച്ചവർക്കും സബ്സിഡി നൽകി</u>

ഗുണഭോക്താക്കൾ സമർപ്പിച്ച വിലച്ചീട്ട് അനുസരിച്ചാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ വില രേഖപ്പെടുത്താത്ത വിലച്ചീട്ട് സമർപ്പിച്ചവർക്കും സബ്സിഡി അനുവദിച്ചിരിക്കുന്നു. ഇവയുടെ വാല്യുവേഷൻ നടത്തിയിട്ടില്ല. എന്ത് മാനദണ്ഡമനുസരിച്ചാണ് സബ്സിഡി നൽകിയതെന്നും വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെ

| എ) പദ്ധതി നം.165/17 ; വികസന ഫണ്ട്(ജനറൽ) ; ബിൽ നം : P7/16-17 ; തി. 31.03.2017 ; തുക –₹ 1,27,500/- | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | അനുവദിച്ച സബ്സിഡി |
| 1 | സരോജിനി, w/o. ചക്രപാണി | ലീല, ടി. കെ. | 7.500 |

| ബി) പദ്ധതി നം.166/17 ; വികസന ഫണ്ട്(ടി.എസ്.പി) ; ബിൽ നം : P1/17-18 ; തി. 06.07.2017 ; തുക –₹ 2,25,000/- (ഈ ബിൽ 'QUE SYSTEM'ൽ ആയിരുന്നു) | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | അനുവദിച്ച സബ്സിഡി |
| 1 | രജനി, ആർ. | സി. മുഹമ്മദ് | 15,000 |

| സി) പദ്ധതി നം.167/17 ; വികസന ഫണ്ട്(എസ്.സി.പി) ; ബിൽ നം : P3/17-18 ; തി. 06.07.2017 ; തുക –₹ 1,65,000/- (ഈ ബിൽ 'QUE SYSTEM'ൽ ആയിരുന്നു) | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | അനുവദിച്ച സബ്സിഡി |
| 1 | ശാന്ത | കെ. മുഹമ്മദ് കുഞ്ഞി | 15,000 |
| 2 | മാധവി, w/o. ശങ്കരൻ | കെ. മുഹമ്മദ് കുഞ്ഞി | 15,000 |
| 3 | സുനി, D/o. നാരായണൻ | കെ. മുഹമ്മദ് കുഞ്ഞി | 15,000 |

ഖണ്ഡിക (സി) യിലെ ഗുണഭോക്താക്കളുടെ, അപേക്ഷയിൽ നൽകിയിരുന്ന ഫോൺ നമ്പറിൽ വിളിച്ച് വിശദാംശങ്ങൾ ആരാഞ്ഞപ്പോൾ, ആടുകളെ ഒരു കച്ചവടക്കാരനിൽ നിന്നുമാണ് ലഭിച്ചതെന്നും, അതിന് വിലയൊന്നും നൽകിയില്ലായെന്നും അറിയിക്കുകയുണ്ടായി. അതായത് ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്താതെ മുഴുവൻ തുകയും സബ്സിഡിയായി നൽകിയെന്ന് കണക്കാക്കാവുന്നതാണ്.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ സബ്സിഡിയിനത്തിൽ വിനിയോഗിച്ച ₹ 67,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർവഹണ ഉദ്യോഗസ്ഥൻ ഉരുക്കളെ നേരിട്ട് പരിശോധന

നടത്തി സമർപ്പിക്കുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെയും, ഇൻഷുർ ചെയ്തതിന്റെയും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

III. വിലച്ചീട്ടിലെ വിലകൾ തിരുത്തിയത്

വിലച്ചീട്ടിൽ രേഖപ്പെടുത്തിയ വിലകൾ Correction Pen ഉപയോഗിച്ച് തിരുത്തിയതായി കാണാം. എന്നാൽ ഇവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ പരമാവധി സബ്സിഡി ലഭിക്കുന്നതിനായി, വിലകൾ തിരുത്തിയതാണോയെന്ന സംശയത്തിന് ഇട നൽകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| എ) പദ്ധതി നം.165/17 ; വികസന ഫണ്ട്(ജനറൽ) ; ബിൽ നം : P7/16-17 ; തി. 31.03.2017 ; തുക –₹ 1,27,500/- | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | തിരുത്തിയ വില |
| 1 | വിൻസി ബെന്നി | വിനോദ് സെബാസ്റ്റ്യൻ | 15,000 |

| ബി) പദ്ധതി നം.167/17 ; വികസന ഫണ്ട്(എസ്.സി.പി) ; ബിൽ നം : P1/16-17 ; തി. 10.03.2017 ; തുക –₹ 1,80,000/- | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിന്റെ ഉടമ (സബ്സിഡി ലഭിച്ചയാൾ) | തിരുത്തിയ വില |
| 1 | രമണി, D/o. കുമാരൻ | മത്തായി | 30,000 |
| 2 | ഓമന ബാലകൃഷ്ണൻ | ലത്തീഫ്, കെ. | 22,000 |
| 3 | നാരായണി, D/o ബാലൻ | കല്യാണി, എച്ച്. | 30,000 |

ഇത് സംബന്ധിച്ച് അന്വേഷിച്ച്, യഥാർത്ഥ വസ്തുത ലഭ്യമാക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു.

IV.പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റ് പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ valuation certificate ഇല്ല. ഗുണഭോക്താവ് സ്വന്തം നിലക്ക് തയ്യാറാക്കിയ വിലച്ചീട്ടിനെ കണക്കിലെടുത്താണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.
2. പർച്ചേസിങ് കമ്മറ്റി പ്രവർത്തനം വളരെ പരിതാപകരമാണ്. കമ്മറ്റി അംഗങ്ങളായ മൃഗസംരക്ഷണ വർക്കിങ് ഗ്രൂപ്പ് ചെയർപേഴ്സൺ, അതത് വാർഡുകളിലെ മെമ്പർമാർ, ഗുണഭോക്തൃ കമ്മറ്റി പ്രതിനിധി എന്നിവർ എല്ലാ ഇടപാടുകളിലെയും വിലവിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല പദ്ധതിയുടെ മോണിട്ടറിങ്ങും ഭാഗികമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ.
3. പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ പെട്ടവരെന്ന് സൂചിപ്പിക്കുന്ന സാക്ഷ്യപത്രമില്ല.
4. പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ ഗുണഭോക്താക്കൾക്ക് സമാന ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന്

ഉറപ്പ് വരുത്തിയിട്ടില്ല.

5. എല്ലാ ഗുണഭോക്താക്കളും ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെ വിശദാംശങ്ങളില്ല.

(ഓഡിറ്റ് എൻക്വയറി 6 - (തിയതി: 22.07.17))

# 3-3 ഉയർന്ന നിരക്കിൽ വാഹനവാടക അനുവദിച്ചത്

നിർവഹണം - വെറ്റിനറി സർജൻ

പേവിഷബാധ നിയന്ത്രണവുമായി ബന്ധപ്പെട്ട് വാക്സിനേഷൻ ക്യാമ്പ് (റാബീസ് ഫ്രീ കേരള) 2015-16, 2016-17 വർഷങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് നടത്തുകയുണ്ടായി. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്, ഒരു ജീപ്പ് ദിവസ വാടകക്ക് എടുക്കുന്നതിനായി മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുകയുണ്ടായി. തുടർന്ന് 2015-16 വർഷത്തിൽ കിലോമീറ്ററിന് ₹ 25/- നിരക്കിൽ ക്വോട്ട് ചെയ്ത ശ്രീ.കെ.കുഞ്ഞമ്പു, കളക്കര (വണ്ടി നം : KL-60B-1836 ) എന്നയാൾക്കും, 2016-17 വർഷത്തിൽ കിലോമീറ്ററിന് ₹ 28/- നിരക്കിൽ ക്വോട്ട് ചെയ്ത ശ്രീ.കെ.പ്രഭാകരൻ, (വണ്ടി നം: KL-14B-3458) എന്നയാൾക്കുമാണ് കരാർ ലഭിച്ചത്. എന്നാൽ ടാക്സി വാഹനങ്ങളുടെ വാടക നിരക്ക് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവിനെക്കാൾ (G.O.(P) No: 74/2014/Trans. Dtd : 17/10/2014 ) കൂടിയ നിരക്കിലാണ് ഇവർക്ക് വാടക അനുവദിച്ച് നൽകിയിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം Motor Cabs having Cubic capacity 1500 cc and above എന്ന വിഭാഗത്തിലുള്ള വാഹനങ്ങളുടെ വാടക നിരക്ക് കിലോമീറ്ററിന് ₹ 15/- രൂപ നിരക്കിലും, അവയുടെ Detention Charge മണിക്കൂറിന് ₹ 50/- രൂപ (പരമാവധി ഒരു ദിവസത്തേക്ക് ₹ 500/-) നിരക്കിലുമാണ് കണക്കാക്കേണ്ടത്.

ഇവർ നൽകിയ ട്രിപ് ഷീറ്റ് പ്രകാരം (കൈയെഴുത്ത്) , അധികമായി അനുവദിച്ച വാടക നിരക്ക് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2015-16

| വൗച്ചർ നം:262/04.08.16 ; തുക - ₹ 10,000/- ; തനത് ഫണ്ട് ; ചെക്ക് നം-3678/04.8.16 | | | | | | | |
|---|---|---|---|---|---|---|---|
| തിയതി | സഞ്ചരിച്ച ദൂരം(കി.മീ.) | സഞ്ചരിച്ച സമയം(hour) | വാടക ( ₹ 15/കി.മീ.) | ഡിറ്റെൻഷൻ ചാർജ്ജ് | ആകെ വാടക | നൽകിയ വാടക | അധിക വാടക |
| 23/3/16 | 80 | 12 h 45mnt | 1,200 | 500 | 1,700 | 2,000 | 300 |
| 26/3/16 | 75 | 12 h 45mnt | 1,125 | 500 | 1,625 | 1,875 | 250 |
| 28/3/16 | 80 | 12 h 45mnt | 1,200 | 500 | 1,700 | 2,000 | 300 |
| 29/3/16 | 85 | 12 h 45mnt | 1,275 | 500 | 1,775 | 2,125 | 350 |
| 30/3/16 | 65 | 12 h 30mnt | 975 | 500 | 1,475 | 1,625 | 150 |

| | | | |
|---|---|---|---|
| | 8,275 | 9,625 | 1,350 |

2016-17

| ബിൽ നം:P11/16-17;തി-31.3.17 ; തുക - ₹ 20,000/- ; വികസന ഫണ്ട് (ജനറൽ) | | | | | | | |
|---|---|---|---|---|---|---|---|
| തിയതി | സഞ്ചരിച്ച ദൂരം(കി.മീ.) | സഞ്ചരിച്ച സമയം(hour) | വാടക ( ₹ 15/കി.മീ.) | ഡിറ്റെൻഷൻ ചാർജ്ജ് | ആകെ വാടക | നൽകിയ വാടക | അധിക വാടക |
| 04/3/17 | 90 | 9 h | 1350 | 450 | 1800 | 2520 | 720 |
| 06/3/17 | 100 | 9 h | 1500 | 450 | 1950 | 2800 | 850 |
| 07/3/17 | 115 | 10 h | 1725 | 500 | 2225 | 3164 * | 939 |
| 08/3/17 | 100 | -- | 1500 | 500 | 2000 | 2800 | 800 |
| 09/3/17 | 100 | 8 h | 1500 | 400 | 1900 | 2800 | 900 |
| 10/3/17 | 69 | 8 h | 1035 | 400 | 1435 | 1932 | 497 |
| | | | | | 11310 | 16016 # | 4706 $ |

* തുക ₹ 3220/- ആകുമെങ്കിലും 3164/- എന്നാണ് വൗച്ചറിലുള്ളത്.

# ആകെ തുക ₹ 16016/- എന്നാകുമെങ്കിലും ₹ 16000/- മാത്രമേ നൽകിയിട്ടുള്ളൂ.

$ അധിക തുക 4706 /- (16016-11310) ആകുമെങ്കിലും, യഥാർത്ഥത്തിൽ നൽകിയ വാടക ₹16000/- രൂപയായതിനാൽ,അധികം നൽകിയ തുക ₹ 4690/- (16000-11310) രൂപയാണ്.

മുകളിൽ സൂചിപ്പിച്ചതനുസരിച്ച് 2015-16 വർഷത്തിൽ വണ്ടി വാടകയിനത്തിൽ അധികം നൽകിയ ₹ 1350/- രൂപ തനത് ഫണ്ടിലേക്കും, 2016-17 വർഷത്തിൽ ഈയിനത്തിൽ അധികം നൽകിയ ₹ 4690/- രൂപ സഞ്ചിതനിധിയിലേക്കും ഉത്തരവാദിയായ വെറ്റിനറി സർജൻ തിരികെ അടക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 6 - (തിയതി: 22.07.17))

## 3-4 വൃദ്ധർക്ക് ആയുർവേദ മരുന്ന് വിതരണം- മരുന്ന് ലഭിച്ചിട്ടും പദ്ധതി നിർവഹണം ആരംഭിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസ്സ്, ആയുർവേദം

പ്രോജക്ട് നം 171/17- വൃദ്ധർക്ക് ആയുർവേദ മരുന്ന് വിതരണം

മേൽ പ്രോജക്ടിന്റെ ഭാഗമായി ആയുർവേദ മരുന്നുകൾ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 3,02,850

രൂപ ചെലവു ചെയ്തിട്ടുണ്ട്. (ബിൽ നം.1/16-17 തിയതി 13.02.2017). തൃശ്ശൂരിലുള്ള ഔഷധി ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് തുക മുൻകൂർ നൽകുകയാണ് ചെയ്തിട്ടുള്ളത്. ഔഷധിയിൽ നിന്നും ചുവടെ ചേർത്ത പ്രകാരം 2,06,770 രൂപയുടെ മരുന്നുകൾ ലഭിക്കുകയും ഫാർമസിയുടെ സ്റ്റോക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

| തിയതി | ഇൻവോയ്സ് നം | തുക |
|---|---|---|
| 28.02.2017 | 3199 | 1,39,875 |
| 31.03.2017 | 3589 | 29,333 |
| 07.06.2017 | 90020743 | 33,362 |
| 10.06.2017 | 90020845 | 4,200 |
| | | 2,06,770 |

മുൻകൂർ നൽകിയ തുകയുടെ 68% തുകയ്ക്കുള്ള മരുന്നുകളും ലഭിച്ചിട്ടും നാളിതു വരെ പദ്ധതിയുടെ നിർവഹണം ആരംഭിച്ചിട്ടില്ല. മാസത്തിൽ 2 ദിവസത്തെ ഒ.പി. വൃദ്ധർക്ക് മാത്രമായി നിജപ്പെടുത്തുകയും അതു വഴി അവർക്ക് ആവശ്യമുള്ള മരുന്നുകൾ വിതരണം ചെയ്യുകയുമാണ് പ്രോജക്ടിൽ ഉദ്ദേശിച്ചത്. മരുന്നു മുഴുവൻ ലഭിച്ചതിനു ശേഷം പദ്ധതി നടപ്പാക്കും എന്നാണ് അന്വേഷിച്ചപ്പോൾ മെഡിക്കൽ ഓഫീസ്റ അറിയിച്ചത്. എന്നാൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം ഈ പദ്ധതിക്കായി വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചു കഴിഞ്ഞതാണ്. എന്നാൽ നാളിതു വരെ ഇതിന്റെ ഗുണഫലം അർഹർക്ക് ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ ലഭ്യമായ മരുന്നുകൾ ഉപയോഗപ്പെടുത്തി അടിയന്തിരമായി ഈ പദ്ധതി നടപ്പിലാക്കാൻ ആരംഭിക്കണമെന്ന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-5 ആയുർവേദ, ഹോമിയോ മരുന്നുകൾ വാങ്ങൽ- മരുന്നുകൾ സമയത്ത് ലഭിച്ചിട്ടില്ല

2016-17 വർഷത്തിൽ വിവിധ പ്രോജക്ടുകളിലായി ആയുർവേദ, ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി നിർവഹണ ഉദ്യോഗസ്ഥന്മാർ മുൻകൂർ ചെലവുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ആയുർവേദ മരുന്നുകൾ ഓഡിറ്റ് തിയതിയിലും ലഭിക്കാൻ ബാക്കിയുള്ളതായും ഹോമിയോ മരുന്നുകൾ നാളിതു വരെ ലഭിക്കാത്തതായും ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നിർവഹണ ഉദ്യോഗസ്ഥൻ | മരുന്നു വാങ്ങുന്നതിനായി മുൻകൂർ നടത്തിയ ചെലവ് | നാളിതു വരെ ലഭിച്ച മരുന്നിന്റെ വില | മുൻകൂർ നൽകിയ തുകയിൽ ബാക്കി |
|---|---|---|---|
| പ്രോജക്ട് നം. 72/17- ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസ്റ, ആയുർവേദം | 5,00,000<br>ബിൽ നം. 1/16-17 തിയതി 13.02.17<br>(മെയിന്റനൻസ് ഫണ്ട്- നോൺറോഡ്)<br>തുക നല്കിയ സ്ഥാപനം- ഔഷധി, | 3,83,751 | 1,16,249 |

| | | | |
|---|---|---|---|
| | തൃശ്ശൂർ | | |
| പ്രോജക്റ്റ് നം. 171/17- വൃദ്ധർക്ക് ആയുർവേദ മരുന്ന് വിതരണം<br>നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസ്സ്, ആയുർവേദം | 3,02,850<br>ബിൽ നം. 1/16-17 തിയതി 13.02.17<br>(വികസന ഫണ്ട്) തുക നല്കിയ സ്ഥാപനം- ഔഷധി, തൃശ്ശൂർ | 2,06,770 | 96,080 |
| പ്രോജക്റ്റ് നം. 58/17- ബന്തടുക്ക, മാനടുക്ക ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ.<br>നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസ്സ്, ഹോമിയോ | 2,00,000<br>ബിൽനം.1/16-17തിയതി13.02.2017<br>(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)<br>തുക നല്കിയ സ്ഥാപനം- ഹോംകോ, ആലപ്പുഴ | - | 2,00,000 |
| ആകെ | 10,02,850 | | 4,12,329 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 13160/ഡി.എ.1/2010 തിയതി 28.11.2010 പ്രകാരം മുൻകൂർ തുക കൈപ്പറ്റി 60 ദിവസങ്ങൾക്കകം സ്ഥാപനത്തിന് മരുന്നുകൾ വിതരണം ചെയ്യാൻ ഔഷധിക്ക് ബാദ്ധ്യതയുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ പൂർണമായും വിതരണം ചെയ്യാൻ ഔഷധിക്ക് കഴിഞ്ഞിട്ടില്ല.

ഹോംകോ എന്ന സ്ഥാപനത്തിന് മുൻകൂർ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഭാഗികമായി പോലും മരുപട്ടികവർഗ്ഗംന്നുകൾ വിതരണം ചെയ്തിട്ടില്ല. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ചെലവു ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും അതിന്റെ ഗുണഫലം പഞ്ചായത്തിലെ ജനങ്ങൾക്ക് പൂർണമായി ലഭിക്കാത്തിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവു ചെയ്ത ആകെ തുക 10,02,850 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ആശ്രയ പദ്ധതിയുടെ നടത്തിപ്പ്

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയതും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ അശരണരായ അഗതികളെ കണ്ടെത്തി, പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ട് നടപ്പിലാക്കുന്നതാണ് അഗതി-ആശ്രയ പദ്ധതി. പദ്ധതിയുടെ രണ്ടാം ഘട്ടമാണ് ഇപ്പോൾ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽ നടന്നു വരുന്നത്.

ഒന്നാം ഘട്ടത്തിൽ 42 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. തുടർന്ന് 2010 കാലയളവിൽ നടത്തിയ റീവിസിറ്റിനെ തുടർന്ന് ഗുണഭോക്താക്കളുടെ എണ്ണം 35 ആയി ചുരുങ്ങി. രണ്ടാം ഘട്ടത്തിൽ ജനറൽ വിഭാഗത്തിൽ 37 പേരും, പട്ടികവർഗ്ഗ വിഭാഗത്തിൽ 58 പേരുമുൾപ്പടെ ആകെ 95 ഗുണഭോക്താക്കളാണ് ഉള്ളത്.

വിവിധ ഏജൻസികളിൽ /സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ ലഭിച്ച ചാലഞ്ച് ഫണ്ട്, അടിസ്ഥാന സൗകര്യങ്ങൾ / ജീവനോപാധിക്കായുള്ള ഫണ്ട് എന്നിവയുടെ വരവ് - ചെലവ് വിശദാംശങ്ങൾ (2004 മുതൽ 2016-17 വരെ, 'കാസ് ' ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | ഫണ്ട്/ഉദ്ദേശ്യം | വരവ് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കുടുംബശ്രീ മിഷൻ | ചാലഞ്ച് ഫണ്ട്-ഒന്നാം ഘട്ടം | 6,09,000 | 3,11,090 | 2,97,910 |
| 2 | കുടുംബശ്രീ മിഷൻ | ചാലഞ്ച് ഫണ്ട്-രണ്ടാം ഘട്ടം (പട്ടിക വർഗ്ഗം) | 6,33,167 | -- | -- |
| 3 | കുടുംബശ്രീ മിഷൻ | ചാലഞ്ച് ഫണ്ട്-രണ്ടാം ഘട്ടം (പൊതു വിഭാഗം) | 2,98,780 | -- | -- |
| 4 | കുടുംബശ്രീ മിഷൻ | കമ്പ്യൂട്ടർ - അനുബന്ധ ചെലവുകൾ | 3,00,000 | 2,44,850 | 55,150 |
| 5 | ജില്ലാ / ഗ്രാമ പഞ്ചാ യത്ത് | അടിസ്ഥാന സൗകര്യമൊരുക്കൽ / ജീവനോപാധി | 10,00,000 | 9,49,150 | 50,850 |

കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്കിലെ ആശ്രയ പദ്ധതിക്കായുള്ള പ്രത്യേക അക്കൗണ്ടിലെ ( A/c No:2958,കുറ്റിക്കോൽ ബ്രാഞ്ച് ), 01.04.16 ലെ മുന്നിരിപ്പ് ₹ 6,94,306/- (പലിശ ഉൾപ്പടെ) രൂപട്ടികവർഗ്ഗംപയും 31.03.17 ലെ നീക്കിയിരിപ്പ് ₹ 15,67,011/- (പലിശ ഉൾപ്പടെ), രൂപയുമാണ്. 31.03.17 ലെ നീക്കിയിരിപ്പിൽ മുകളിലെ പട്ടികയിലെ ക്രമ നം. 2,3 പ്രകാരമുള്ള വരവുകൾ ഉൾപ്പെടുന്നുണ്ട്.

പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന്, കൂടുതൽ ഫലവത്തായതും ദീർഘവീക്ഷണത്തോടു കൂടിയതും മാതൃകാപരമായതുമായ ഇടപെടലുകൾ നടത്തുന്നതിനായി ബന്ധപ്പെട്ട സി.ഡി.എസ്. ന്റെയും, ഭരണസമിതിയുടെയും സവിശേഷ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

## 3-7 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക്, വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 27,76,248/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കേരള സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ | ഡി.ഡി.839357 /04.02.17 | 2,00,000 | എക്സിക്യൂട്ടീവ് ഡയറക്ടർ,കേരള സാമൂഹ്യ സുരക്ഷ മിഷൻ |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | (42/17)ഐ.എ.വൈ. വിഹിതം നൽകൽ (പട്ടികവർഗ്ഗം.) | ബിൽ.നം.12/ 27.02.17 | 2,60,000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചാ യത്ത്,കാറഡുക്ക |
| 3 | അസിസ്റ്റന്റ് | (199/17)PMAY | ബിൽ.നം.15/ | 1,95,000 | സെക്രട്ടറി, ബ്ലോക്ക് |

| | | | | | |
|---|---|---|---|---|---|
| | സെക്രട്ടറി | വിഹിതം നൽകൽ (പട്ടികവർഗ്ഗം.) | 27.02.17 | | പഞ്ചായത്ത്,കാറഡുക്ക |
| 4 | അസിസ്റ്റന്റ് സെക്രട്ടറി | (202/17)PMAY വിഹിതം നൽകൽ (പട്ടികവർഗ്ഗം.-മലവേട്ടുവ) | ബിൽ.നം.16/ 27.02.17 | 14,70,015 | സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക |
| 5 | അസിസ്റ്റന്റ് സെക്രട്ടറി | (202/17)PMAY വിഹിതം നൽകൽ (പട്ടികവർഗ്ഗം-മലവേട്ടുവ) | ബിൽ.നം.17/ 27.02.17 | 24,985 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,കാറഡുക്ക |
| 6 | വെറ്റിനറി സർജ്ജൻ | (162/17) SLBPപദ്ധതി – പഞ്ചായത്ത് വിഹിതം | ബിൽ.നം.P5/16-17 /28.03.17 | 1,50,000 | മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ,കാസറഗോഡ് |
| 7 | സെക്രട്ടറി | NPRPDപദ്ധതി – പഞ്ചായത്ത് വിഹിതം | ഡി.ഡി.839934 /28.12.16 | 4,76,248 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്,കാസറഗോഡ് |
| | | | ആകെ | 27,76,248 | |

## 3-8 വെളിയിട വിസർജന വിമുക്ത പദ്ധതി (ഒഡിഎഫ്)- അപാകതകൾ

പഞ്ചായത്തിൽ 1,11,95,800 രൂപ ചെലവിൽ 2016-17 വർഷം വെളിയിട വിസർജന വിമുക്ത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വികസന ഫണ്ട്- 15,20,000

ധനകാര്യ കമ്മീഷൻ ഫണ്ട്- 69,42,891

തനത് ഫണ്ട്- 7,73,019

സമ്പൂർണ ശുചിത്വ യജ്ഞം- 9,50,000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 10,09,090

ആകെ - 1,11,95,800

ആകെ 727 ശൗചാലയങ്ങൾ നിർമിക്കുവാനായിരുന്നു പദ്ധതിയിൽ ലക്ഷ്യമിട്ടത്. ഇതിൽ 681 ശൗചാലയങ്ങൾ പൂർത്തീകരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 46 ശൗചാലയങ്ങൾ പൂർത്തീകരിക്കാൻ ബാക്കി-

ആകെ ലക്ഷ്യമിട്ടതിൽ 46 ശൗചാലയങ്ങൾ പൂർത്തീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു. ഈ ഗുണഭോക്താക്കൾക്ക് 7,500 രൂപ വീതം മുൻകൂർ നൽകിയിട്ടുണ്ട്. നിർമാണം പൂർത്തിയാക്കാത്തതിനാൽ ഈ ഗുണഭോക്താക്കൾക്ക് നൽകിയ 3,45,000 രൂപ ഫലപ്രാപ്തിയെത്താത്ത ചെലവായി തുടരുകയാണ്. കൂടാതെ ഈ ശൗചാലയങ്ങൾക്കായി പിൻവലിച്ച ബാക്കി തുക 3,63,400 രൂപ വി.ഇ.ഒ. യുടെ ബാങ്ക് അക്കൗണ്ടിൽ കെട്ടിക്കിടക്കുകയാണ്. സമ്പൂർണ വെളിയിട വിസ്രജന വിമുക്ത പഞ്ചായത്ത് എന്ന പ്രഖ്യാപനത്തോട് നീതി പുലർത്താവുന്ന രീതിയിൽ ഈ ശൗചാലയങ്ങളുടെ നിർമാണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള

നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2. 200 ശൗചാലയങ്ങളുടെ നിർമാണം ബാഹ്യ ഏജൻസിയെ ഏൽപ്പിച്ചത് പരാതികൾക്ക് വഴി വച്ചു-

പഞ്ചായത്ത് കമ്മിററിയുടെ 29.09.2016 ലെ 170/16(3) നമ്പർ തീരുമാന പ്രകാരം, സ്വന്തമായി ശൗചാലയം നിർമിക്കാൻ കഴിവില്ലാത്ത 200 ഗുണഭോക്താക്കളുടെ ശൗചാലയങ്ങളുടെ നിർമാണം അവരുടെ സമ്മതപത്രങ്ങളോടു കൂടി വെള്ളരിക്കുണ്ടിലെ കുന്നേൽ പുരയിടത്തിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. 5,00,000 രൂപ ഈ സ്ഥാപനത്തിനുള്ള അഡ്വാൻസ് ആയി നൽകുകയും ചെയ്തു. എന്നാൽ നിർമിക്കുന്ന ശൗചാലയങ്ങളുടെ ഗുണം സംബന്ധിച്ച് പരാതി ഉയർന്നതിനാൽ ഈ സ്ഥാപനം 36 ശൗചാലയങ്ങൾ പൂർത്തീകരിച്ച ഘട്ടത്തിൽ ഇവരെ നിർവഹണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനം നിർമിച്ച ശൗചാലയങ്ങളുടെ യഥാർത്ഥ ചെലവു കണക്കാക്കി അവർക്ക് നൽകിയ അഡ്വാൻസ് തുകയിൽ ക്രമീകരണം വരുത്തിയിട്ടില്ല. ആയതിനാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയോ സമ്പൂർണ ശുചിത്വ യജ്ഞത്തിന്റെയോ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തി ഈ ശൗചാലയങ്ങളുടെ മൂല്യനിർണയം നടത്തി അഡ്വാൻസ് തുകയിൽ ക്രമീകരണം വരുത്തേണ്ടതാണ്.

3. സമ്പൂർണ ശുചിത്വ യജ്ഞത്തിൽ നിന്നും ഫണ്ട് ലഭിക്കാൻ ബാക്കി-

ഈ പദ്ധതിയിൽ ഒരു ശൗചാലയത്തിന് 12,000 രൂപ സമ്പൂർണ ശുചിത്വ യജ്ഞത്തിൽ നിന്നും ബാക്കി 3,400 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നുമായിരുന്നു വഹിക്കേണ്ടിയിരുന്നത്. സമ്പൂർണ ശുചിത്വ യജ്ഞത്തിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അത് മറ്റു വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും എന്ന വ്യവസ്ഥയോടെയാണ് വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും ഈ പദ്ധതിക്കായി തുക ചെലവഴിച്ചത്. ആകെ 87,24,000 രൂപ സമ്പൂർണ ശുചിത്വ യജ്ഞത്തിൽ നിന്നും ലഭിക്കേണ്ടതുണ്ട്. എന്നാൽ 2016-17 ൽ 35,06,236 രൂപയും 2017-18 ൽ 29,94,363 രൂപയുമടക്കം 65,00,599 രൂപ മാത്രമാണ് നാളിതു വരെ സമ്പൂർണ ശുചിത്വ യജ്ഞത്തിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടുള്ളൂ. 22,23,401 രൂപ ഇനിയും ലഭിക്കാനുണ്ട്. ഈ തുക സമ്പൂർണ ശുചിത്വ യജ്ഞത്തിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-9 വെളിയിട വിസർജന വിമുക്ത പദ്ധതി നടപ്പിലാക്കി- 2015-16 വർഷത്തെ പ്രവൃത്തി ഫണ്ടില്ലാത്തിനാൽ അവതാളത്തിലായി

പഞ്ചായത്ത് 2016-17 വർഷം 1.11 കോടി രൂപ ചെലവിൽ സമ്പൂർണ വെളിയിട വിസർജന വിമുക്ത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 201-16 വർഷം പഞ്ചായത്ത് പ്രോജക്ട് നം. 123/16 ആയി ശുചിത്വ കക്കൂസ് നിർമാണം എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. 290 ഗുണഭോക്താക്കളായിരുന്നു ഈ പദ്ധതിയിൽ ഉണ്ടായിരുന്നത്. ഒരു കക്കൂസിന് 12,000 രൂപ നിരക്കിൽ 34.8 ലക്ഷം രൂപ ഈ പദ്ധതിക്കായി സമ്പൂർണ ശുചിത്വ യജ്ഞം ഫണ്ടിൽ നിന്നും വകയിരുത്തുകയും 150 ഗുണഭോക്താക്കൾക്ക് 4,000 രൂപ വീതം അഡ്വാൻസ് നൽകുന്നതിന് 6 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. ഇതിൽ നാളിതു വരെ 120 ഗുണഭോക്താക്കൾ കക്കൂസ് നിർമാണം പൂർത്തിയാക്കിയിട്ടുണ്ട്.

ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ 2016-17 വർഷം നടപ്പിലാക്കിയ വെളിയിട വിസർജന വിമുക്ത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സമ്പൂർണ വെളിയിട വിസ്രുജന പദ്ധതി നടപ്പിലാക്കിയതിനാൽ ഇനി അടുത്ത വർഷങ്ങളിൽ കക്കൂസ് നിർമാണത്തിനു വേണ്ടി ഫണ്ട് വകയിരുത്തുന്നതിൽ അനൗചിത്യമുണ്ട് . അതു കൊണ്ടു തന്നെ ഈ പദ്ധതിയുടെ ഭാവി അവതാളത്തിലായിരിക്കുകയാണ്. ഈ പദ്ധതിയിലെ 290 ഗുണഭോക്താക്കളിൽ 120 പേർ മാത്രമേ നാളിതു വരെ കക്കൂസ് നിർമാണം പൂർത്തിയാക്കിയിട്ടുള്ളൂ എന്നിരിക്കെ 2016-17 ൽ ഒ.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിനെ സമ്പൂർണ വെളിയിട വിസർജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചതിലെ അനൗചിത്യവും ഈയവസരത്തിൽ ശ്രദ്ധയിൽപെടുത്തുകയാണ്.

ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അടിയന്തിരമായി സമ്പൂർണ ശുചിത്വ യജ്ഞവുമായി ബന്ധപ്പെട്ട് ഈ പദ്ധതിക്കായി ഫണ്ട് കണ്ടെത്തുകയും പദ്ധതി പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

## 3-10 ഐ.എ.വൈ വിഹിതം- കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

നിർവഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഐ.എ.വൈ. പദ്ധതിക്കായുള്ള പഞ്ചായത്തിന്റെ വിഹിതമായി 2016-17 വർഷം ആകെ 6,80,000 രൂപ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | തുക, ബിൽ നം.&തിയതി | വിശദ വിവരങ്ങൾ |
|---|---|---|
| 174/17 | 1,80,000<br>ബിൽ നം. 7/28.02.2017 | ഐ.എ.വൈ. പദ്ധതിക്കുള്ള വിഹിതം (ജനറൽ)- വികസന ഫണ്ട് ജനറലിൽ നിന്നും പിൻവലിച്ച് കാറഡുക്ക ബ്ലോക്ക് പഞ്ചായതത് സെക്രട്ടറിക്ക് നൽകിയ തുക |
| 203/17 | 5,00,000<br>ബിൽ നം. 8/28.02.2017 | സ.ഉ.(സാധാ)നം.2850/16/ത.സ്വ.ഭ.വ. തിയതി 07.10.2016 പ്രകാരം പട്ടികജാതി,പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അധികവിഹിതമായി ആവശ്യമുള്ള തുക- വികസന ഫണ്ട് ജനറലിൽ നിന്നും പിൻവലിച്ച് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ തുക |
| ആകെ | 6,80,000 | |

മേൽ വിവരിച്ച പ്രകാരം നൽകിയ തുകകൾ വിനിയോഗിച്ചതിനുള്ള രേഖകൾ ഇല്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ല. അടിയന്തിരമായി ഈ വിഷയം പരിശോധിക്കേണ്ടതും വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-11 ഇ.എം.എസ് ഭവന പദ്ധതിയിൽ 6 വീടുകൾ പൂർത്തിയാകാതെ ഉപേക്ഷിച്ചു

ഇ.എം.എസ് ഭവന നിർമാണ പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 6 പേർ വീടു പണി വിവിധ ഘട്ടങ്ങളിലായി ഉപേക്ഷിച്ചതായി കാണുന്നു.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേര് എക്സ് പ്രസ്സ് | നാളിതു വരെ കൈപ്പറ്റിയ തുക | വീടിന്റെ നിർമാണ ഘട്ടം | റിമാർക്സ് |
|---|---|---|---|---|
| 1 | ഷൈലജ,<br>ചാടകം (വാർഡ് 2) | 52,500 | തറ നിർമാണം മാത്രം പൂർത്തിയായി | നിർമാണം ഉപേക്ഷിച്ചു |
| 2 | ശാരദ, പരക്കുന്ന് | 22,500 | ഫൗണ്ടേഷൻ | നിർമാണം |

| | | | | |
|---|---|---|---|---|
| | (വാർഡ് 3) | | പണി മാത്രം | ഉപേക്ഷിച്ചു |
| 3 | അമ്മിണി.ടി.ജി,<br>ബന്തടുക്ക(വാർഡ്-5) | 27,500 | ഫൗണ്ടേഷൻ പണി മാത്രം | നിർമാണം ഉപേക്ഷിച്ചു |
| 4 | രഘുനാഥൻ.പി,<br>കൊളം (വാർഡ് 14) | 52,500 | തറ നിർമാണം മാത്രം പൂർത്തിയായി | നിർമാണം ഉപേക്ഷിച്ചു |
| 5 | നിർമല.എച്ച്,<br>ബന്തടുക്ക കോളനി (വാർഡ് 10) | 1,75,000 | വാൾ പ്ലേറ്റ് വരെ മാത്രം | നിർമാണം ഉപേക്ഷിച്ചു |
| 6 | രവി.എച്ച്,<br>കുട്ടം കോളനി<br>(വാർഡ് 11) | 95,000 | തറ നിർമാണം മാത്രം പൂർത്തിയായി | നിർമാണം ഉപേക്ഷിച്ചു |
| | ആകെ | 4,25,000 | | |

ഇ.എം.എസ്. ഭവന പദ്ധതിക്കായി തുടങ്ങി വി.ഇ.ഒ. ഓപ്പറേറ്റ് ചെയ്തു വന്നിരുന്ന ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 4310, കുറ്റിക്കോൽ സർവീസ് സഹകരണ ബാങ്ക്) 31.03.2017 ൽ 4,38,380 രൂപ നീക്കിയിരിപ്പുണ്ടായിരുന്നത് ഗ്രാമ വികസന കമ്മീഷണറുടെ 09.06.2017 ലെ 8537/H&T1/2017/CRD നമ്പർ കത്തിൽ നിർദ്ദേശിച്ചതനുസരിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ നടപടി തുടങ്ങിയിട്ടുണ്ട്. കൂടാതെ 2016-17 വ്രഷം ഇ.എം.എസ്. ഭവന പദ്ധതിക്കായി എടുത്ത വായ്പയുടെ മുതൽ തുക പഞ്ചായത്ത് മുഴുവനായി അടച്ചു തീർത്തിട്ടുമുണ്ട്. ഫലത്തിൽ ഇ.എം.എസ്. ഭവന നിർമാണ പദ്ധതി തീർന്നിരിക്കുകയാണ്. പക്ഷേ, മേൽ വിവരിച്ച 6 വീടുകളിലെ മുടക്കു മുതൽ ഫലപ്രാപ്തിയില്ലാതെ തുടരുകയാണ്. ആയതിനാൽ മേൽ ഗുണഭോക്താക്കളുടെ സന്നദ്ധതയും നിലവിലെ അർഹതയും പരിശോധിച്ച് പുതിയ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ വീടുകളുടെ നിർമാണം പൂർത്തിയാക്കുന്നതിനുള്ള സാദ്ധ്യതകൾ പഞ്ചായത്ത് പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-12 സ്കൂളുകൾക്ക് പ്രഥമ ശുശ്രൂഷാ കിറ്റ് വിതരണം- അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. മാണിമൂല
പ്രോജക്ട് നം. 56/17- സ്കൂളുകൾക്ക് ഫസ്റ്റ് എയിഡ് ബോക്സ്

ചെലവ്- 27,000 രൂപ (ബിൽ നം. 01/2016-17, തിയതി- 15.11.2016),
(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ഈ പദ്ധതിയുടെ ഭാഗമായി 27,000 രൂപ ചെലവഴിച്ച് 8 ഫസ്റ്റ് എയ്ഡ് കിറ്റുകൾ വാങ്ങി പഞ്ചായത്തിലെ 8 എൽ.പി./യു.പി. സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കാസറഗോട്ടെ KABEKKODU DRUG HOUSE എന്ന സ്ഥാപനത്തിൽ നിന്നാണ് ഫസ്റ്റ് എയ്ഡ് കിറ്റുകൾ വാങ്ങിയത്. ഈ പദ്ധതിയുടെ നിർവഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

എ) കബെക്കോടു ഡ്രഗ് ഹൗസ് എന്ന സ്ഥാപനത്തിന്റെ 22.10.2016 ലെ RT1562 എന്ന ഇൻവോയ്സ് പ്രകാരമാണ് നിർവഹണ ഉദ്യോഗസ്ഥൻ ഫസ്റ്റ് എയ്ഡ് കിറ്റുകൾ വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം 22.10.2016 ന് വാങ്ങിയ ഈ കിറ്റുകളുടെ എക്സ്പയറി തിയതി 31.10.2016 ആണ്. കേവലം 9 ദിവസങ്ങൾ മാത്രം കാലാവധി ഉള്ള 27,000 രൂപയുടെ കിറ്റുകളാണ് നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകിയത്. ഇത് നിരുത്തരവാദപരമായ നിർവഹണ രീതിയാണ്.

ബി) ഫസ്റ്റ് എയ്ഡ് കിറ്റുകൾ വാങ്ങാനായി വിളിച്ച ക്വട്ടേഷനിൽ, കബെക്കോട് ഡ്രഗ് ഹൗസ് എന്ന സ്ഥാപനം 4,000 രൂപ എം.ആർ.പി യുള്ള ഫസ്റ്റ് എയ്ഡ് കിറ്റ് 3,375 രൂപയ്ക്ക് വിതരണം ചെയ്യാം എന്നാണ് ക്വാട്ട് ചെയ്തത്. അതായത് 15.62 ശതമാനം ഡിസ്കൗണ്ട് ആണ് ഈ സ്ഥാപനം ഓഫർ ചെയ്തത്. ഒരു ഫസ്റ്റ് എയ്ഡ് കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളുടെയും ഉപകരണങ്ങളുടെയും ഒരു ലിസ്റ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 3,762 രൂപ ആകെ എം.ആർ.പി.യുള്ള 25 എണ്ണം മരുന്നുകളും ഉപകരണങ്ങളുമാണ് ഒരു കിറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നത്. സാമഗ്രികൾ വിതരണം ചെയ്ത സ്ഥാപനം ക്വാട്ട് ചെയ്ത ഡിസ്കൗണ്ട് നിരക്ക് അനുസരിച്ച് ഒരു കിറ്റ് 3,174 രൂപയ്ക്ക് സ്ഥാപനം സപ്ലൈ ചെയ്യേണ്ടിയിരുന്നു. ആകെ 8 കിറ്റുകൾക്കായി 25,395 രൂപ മാത്രമേ സ്ഥാപനത്തിന് നൽകേണ്ടിയിരുന്നുള്ളൂ. 1,605 രൂപ അധികം നൽകിയിട്ടുണ്ട്.

സി) പദ്ധതിയുടെ നിർവഹണത്തിന്റെ ഒരു ഘട്ടങ്ങളിലും മോണിറ്ററിംഗ് കമ്മറ്റിയുടെയോ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.
മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 27,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-13 എസ് എസ് എ പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതം നൽകിയത്- ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. മാണിമൂല
പ്രോജക്ട് നം. 53/17- എസ്.എസ്.എ വിഹിതം

ഫണ്ട്- 4,75,000 ലക്ഷം രൂപ (വികസന ഫണ്ട്)

ബിൽ നം. 2/16-17 തിയതി- 23.01.-2016

മേൽ വിവരിച്ച പ്രകാരം വികസന ഫണ്ടിൽ നിന്നും 4,75,000 ലക്ഷം രൂപ പിൻവലിച്ച് എസ്.എസ്.എ. പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി എസ്.എസ്.എ. യുടെ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്.എസ്.എ. യുടെ ഫിസിക്കൽ & ഫിനാൻഷ്യൽ പ്രൊപ്പോസൽ ഫയലിൽ ഇല്ല. പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങളും അതിനുള്ള ഫണ്ടുകളുടെ വകയിരുത്തലും വിവരിക്കുന്ന പ്രൊപ്പോസൽ ഇല്ലാതെയാണ് നിർവഹണ ഉദ്യോഗസ്ഥൻ ചെലവു നടത്തിയിരിക്കുന്നത്.

2. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
തുക നൽകാൻ ആധാരമാക്കിയ രേഖകളും നൽകിയ തുകയുടെ വിനിയോഗ വിവരങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-14 പത്രങ്ങളും മാഗസിനുകളും വിതരണം ചെയ്തതിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. മാണിമൂല
പ്രോജക്ട് നം. 54/17- സ്കൂളുകൾക്ക് പത്രവും മാഗസിനും, ക്ലബ്ബുകൾക്ക് പത്രം നൽകൽ

ചെലവ്- ബിൽ നം. 03/16-17, തിയതി- 23.03.2017, 26,300 (വികസന ഫണ്ട്)

ബിൽ നം. 05/2016-17, തിയതി- 28.03.2017, 54,741 (വികസന ഫണ്ട്)

ആകെ- 81,041 രൂപ

ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ബിൽ നം. 03/16-17, തിയതി- 23.03.2017 പ്രാകരം 26,300 രൂപ പിൻവലിച്ചത് ചുവടെ ചേർത്ത

ചെലവുകൾക്ക് വേണ്ടിയാണ്.

| ബില്ലിന്റെ വിവരങ്ങൾ | അപാകതകൾ |
|---|---|
| ബിസ്മി ഏജൻസി, പട്ടപ്പ്<br>ഏജൻസി റശീതി നം. ഇല്ല.<br>തിയതി 03.03.2013 തുക- 520<br>10 മാസത്തെ ബാലഭൂമി വാരികയുടെ വില ബന്തടുക്ക ജി.എച്ച്.എസിലെ ഹെഡ് മാസ്റ്റർ നൽകിയത് | 1. ബില്ലിന്റെ തിയതി 03.03.2013 ആണ്. ഇത് 2016-17 ലെ പ്രോജക്ടിൽ ഉൾപ്പെടുത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല.<br>2. ഏതു കാലയളവിൽ വിതരണ ചെയ്ത വാരികയുടെ വിലയാണ് ഇതെന്ന് വ്യക്തമല്ല.<br>3. ബന്തടുക്ക ജി.എച്ച്.എസിലെ ഹെഡ് മാസ്റ്റർക്ക് തിരികെ നൽകിയതിന് രേഖകളില്ല. |
| പ്രകാശ് ഏജൻസി, പട്ടപ്പ്<br>ഏജൻസി റശീതി നം. ഇല്ല.<br>തിയതി- 01.03.2017 തുക- 1,560<br>ബാലഭൂമി, മിന്നാമിന്നി, കളിക്കുടുക്ക എന്നീ വാരികകളുടെ വില തവനത്ത് ജി.എൽ.പി.എസിലെ ഹെഡ് മാസ്റ്റർ നൽകിയത് | 1. ഏതു കാലയളവിൽ വിതരണ ചെയ്ത വാരികകളുടെടെ വിലയാണ് ഇതെന്ന് വ്യക്തമല്ല.<br>2. തവനത്ത് ജി.എൽ.പി.എസിലെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| ഇന്ത്യൻ എക്സ്പ്രസ് വിതരണക്കാരൻ, കള്ളാർ<br>ഏജൻസി റശീതി നം. ഇല്ല.<br>തിയതി- 01.03.2017 തുക- 1,000<br>ന്യൂ ഇന്ത്യൻ എക്സ് പ്രസ്സ് പത്രത്തിന്റെ വില മാനടുക്കം ജി.യു.പി.എസിലെ ഹെഡ് മാസ്റ്റർ നൽകിയത് | 1. ഏതു കാലയളവിൽ വിതരണ ചെയ്ത പത്രത്തിന്റെ വിലയാണ് ഇതെന്ന് വ്യക്തമല്ല.<br>2. മാനടുക്കം ജി.യു.പി.എസിലെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| നീർച്ചാൽ ന്യൂസ് ഏജൻസി<br>ബിൽ നം. 027/16.02.2017<br>ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്.എസ്, ബന്തടുക്ക തുക- 5,260<br>ഹൊസദിഗന്ത, തരംഗ, ബാലമംഗള, സുധ, തരംഗ എന്നീ കന്നട പ്രസിദ്ധീകരണങ്ങളുടെ വില ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്.എസ്, ബന്തടുക്ക നൽകിയത് | 1. ഇത് പ്രസിദ്ധീകരണങ്ങളുടെ വിലയാണോ അതോ വരിസംഖ്യയാണോ എന്ന് വ്യക്തമല്ല.<br>2. ഈ പ്രസിദ്ധീകരണങ്ങൾ വാങ്ങാൻ സ്കൂളിൽ നിന്ന് 60 കിലോമീറ്ററോളം ദൂരെയുള്ള ഈ ഏജൻസിയിയെ ആശ്രയിക്കേണ്ടി വന്ന സാഹചര്യം വ്യക്തമല്ല.<br>3. ഏതു കാലയളവിൽ വിതരണ ചെയ്ത പ്രസിദ്ധീകരണങ്ങളുടെ വിലയാണ്/ ഏതു കാലയളവിലേക്കാണ് വരി ചേർന്നത് എന്ന വിവരങ്ങൾ വ്യക്തമല്ല.<br>4. ബന്തടുക്ക ജി.എച്ച്.എസിലെ ഹെഡ് മാസ്റ്റർക്ക് |

| | |
|---|---|
| | തുക തിരികെ നൽകിയതിന് രേഖകളില്ല. |
| ജിയോ കളക്ഷൻസ്, മാലക്കല്ല്<br>ബിൽ നം. 599/01.03.2017<br>ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്,മാനടുക്ക<br>തുക- 1,560<br>മാജിക് പോട്ട്, മിന്നാമിന്നി, കളിക്കുടുക്ക എന്നീ വാരികകളുടെ വില ജി.യു.പി.എസ്,മാനടുക്കയിലെ ഹെഡ് മാസ്റ്റർ നൽകിയത് | 1. ഏതു കാലയളവിൽ വിതരണ ചെയ്ത വാരികകളുടെടെ വിലയാണ് ഇതെന്ന് വ്യക്തമല്ല.<br>2. ജി.യു.പി.എസ്,മാനടുക്കയിലെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| മാതൃഭൂമി ഏജൻസി രശീത്<br>നം. ഇല്ല. തിയതി- 01.10.2016<br>ഹെഡ് മാസ്റ്റർ. എ.യു.പി.എസ്, കുറ്റിക്കോൽ<br>തുക- 480<br>മിന്നാമിന്നി എന്ന വാരികയുടെ വില ഹെഡ് മാസ്റ്റർ, എ.യു.പി.എസ്, കുറ്റിക്കോൽ നല്കിയത് | 1. ഏതു കാലയളവിൽ വിതരണ ചെയ്ത വാരികകളുടെടെ വിലയാണ് ഇതെന്ന് വ്യക്തമല്ല.<br>2. എ.യു.പി.എസ്. കുറ്റിക്കോലിലെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| എക്സ് പ്രസ്സ് പബ്ലിക്കേഷൻ, മധുരൈ<br>ബിൽ നം-2422/08.11.2016<br>ഹെഡ് മാസ്റ്റർ. എ.യു.പി.എസ്, കുറ്റിക്കോൽ<br>തുക- 1,000<br>ന്യൂ ഇന്ത്യൻ എക്സ് പ്രസ്സ് പത്രത്തിന്റെ ഒരു വർഷത്തെ വരിസംഖ്യ കുറ്റിക്കോൽ എ.യു.പി.എസിലെ ഹെഡ് മാസ്റ്റർ നൽകിയത് | 1. പത്രം എത്ര കാലം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല.<br>2. എ.യു.പി.എസ്, കുറ്റിക്കോലിലെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| എം.എം. പബ്ലിക്കേഷൻ ലിമിറ്റഡ്<br>ബിൽ നം. 1374511/18.11.2016 | 1. പ്രസിദ്ധീകരണം എത്ര കാലം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല.<br>2. എ.യു.പി.എസ്, കുറ്റിക്കോലിലെ ഹെഡ് |

| | |
|---|---|
| ഹെഡ് മാസ്റ്റർ. എ.യു.പി.എസ്, കുറ്റിക്കോൽ<br><br>തുക- 470<br><br>കളിക്കുടുക്കയുടെ 1 വ്രഷത്തെ വരിസംഖ്യ കുറ്റിക്കോൽ എ.യു.പി.എസിലെ ഹെഡ് മാസ്റ്റർ നൽകിയത് | മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| എം.എം. പബ്ലിക്കേഷൻ ലിമിറ്റഡ്<br><br>ബിൽ നം. 1374512/01.11.2016<br><br>ഹെഡ് മാസ്റ്റർ. എ.യു.പി.എസ്, കുറ്റിക്കോൽ<br><br>തുക- 549<br><br>മാജിക് പോട്ട് എന്ന പ്രസിദ്ധീകരണത്തിന്റെ 1 വ്രഷത്തെ വരിസംഖ്യ കുറ്റിക്കോൽ എ.യു.പി.എസിലെ ഹെഡ് മാസ്റ്റർ നൽകിയത് | 1. പ്രസിദ്ധീകരണം എത്ര കാലം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല.<br>2. എ.യു.പി.എസ്, കുറ്റിക്കോലിലെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| മനോരമ ഏജൻസി രശീത്<br><br>നം.ഇല്ല. തിയതി-ഇല്ല.<br><br>ഹെഡ് മാസ്റ്റർ, എ.യു.പി.എസ്, കരിവേടകം<br><br>തുക- 1,080<br><br>കളിക്കുടുക്ക, മാജിക് പോട്ട് എന്നീ പ്രസിദ്ധീകരണങ്ങളുടെ വില ഹെഡ് മാസ്റ്റർ, എ.യു.പി.എസ്, കരിവേടകം നല്കിയത് | 1. ഇത് പ്രസിദ്ധീകരണങ്ങളുടെ വിലയാണോ അതോ വരിസംഖ്യയാണോ എന്ന് വ്യക്തമല്ല.<br>2. പ്രസിദ്ധീകരണങ്ങൾ എത്ര കാലം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല.<br>3. എ.യു.പി.എസ്, കരിവേടകത്തെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| മാതൃഭൂമി ഏജൻസി രശീത്<br><br>നം. ഇല്ല. തിയതി- 31.12.2016<br><br>ഹെഡ് മാസ്റ്റർ, എ.യു.പി.എസ്, കരിവേടകം<br><br>തുക- 480<br><br>മിന്നാമിന്നി എന്ന വാരികയുടെ വില ഹെഡ് മാസ്റ്റർ, എ.യു.പി.എസ്, കരിവേടകം നല്കിയത് | 1. ഇത് പ്രസിദ്ധീകരണങ്ങളുടെ വിലയാണോ അതോ വരിസംഖ്യയാണോ എന്ന് വ്യക്തമല്ല.<br>2. പ്രസിദ്ധീകരണങ്ങൾ എത്ര കാലം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല.<br>3. എ.യു.പി.എസ്, കരിവേടകത്തെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |

| | |
|---|---|
| നീർച്ചാൽ ന്യൂസ് ഏജൻസി<br>ബിൽ നം. 026/01.03.2017<br>ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, മാണിമൂല<br>തുക- 2,560<br>ഇന്ത്യൻ എക്സ്പ്രസ്, ബാലഭൂമി, മിന്നാമിന്നി, കളിക്കുടുക്ക എന്നീ പ്രസിദ്ധീകരണങ്ങളുടെ വില ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, മാണിമൂല നൽകിയത് | 1. ഇത് പ്രസിദ്ധീകരണങ്ങളുടെ വിലയാണോ അതോ വരിസംഖ്യയാണോ എന്ന് വ്യക്തമല്ല.<br>2. ഈ പ്രസിദ്ധീകരണങ്ങൾ വാങ്ങാൻ സ്കൂളിൽ നിന്ന് 70 കിലോമീറ്ററോളം ദൂരെയുള്ള ഈ ഏജൻസിയിയെ ആശ്രയിക്കേണ്ടി വന്ന എസാഹചര്യം വ്യക്തമല്ല.<br>3. ഏതു കാലയളവിൽ വിതരണ ചെയ്ത പ്രസിദ്ധീകരണങ്ങളുടെ വിലയാണ്/ ഏതു കാലയളവിലേക്കാണ് വരി ചേർന്നത് എന്ന വിവരങ്ങൾ വ്യക്തമല്ല.<br>4. മാണിമൂല ജി.എൽ.പി.എസിലെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| നീർച്ചാൽ ന്യൂസ് ഏജൻസി<br>ബിൽ നം. 62/01.03.2017<br>ബില്ലിൽ പേര് എഴുതിയിട്ടില്ല<br>തുക- 6,400<br>ഹൊസദിഗന്ത, ഉത്ഥാന, ബാലമംഗള, സുധ, തരംഗ, മാജിക് പോട്ട് എന്നീ പ്രസിദ്ധീകരണങ്ങളുടെ വില നൽകിയത് | 1. ഇത് പ്രസിദ്ധീകരണങ്ങളുടെ വിലയാണോ അതോ വരിസംഖ്യയാണോ എന്ന് വ്യക്തമല്ല.<br>2. ഏതു സ്കൂളിനു വേണ്ടിയാണ് ഈ പ്രസിദ്ധീകരണങ്ങൾ വാങ്ങിയത് എന്ന് വ്യക്തമല്ല.<br>3. ഏതു കാലയളവിൽ വിതരണ ചെയ്ത പ്രസിദ്ധീകരണങ്ങളുടെ വിലയാണ്/ ഏതു കാലയളവിലേക്കാണ് വരി ചേർന്നത് എന്ന വിവരങ്ങൾ വ്യക്തമല്ല.<br>4. ഈ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് ആർക്കി നൽകി എന്ന് വ്യക്തമല്ല. |
| പ്ലസ് പോയിന്റ്, കുറ്റിക്കോൽ,<br>ബിൽ നം. 386/03.03.2017<br>സെന്റ് മേരീസ് എ.എൽ.പി.സ്കൂൾ, മേരിപുരം<br>തുക- 1,560<br>കളിക്കുടുക്ക, മാജിക് പോട്ട്, മിന്നാമിന്നി എന്നീ പ്രസിദ്ധീകരണങ്ങളുടെ വില ഹെഡ് മാസ്റ്റർ, സെന്റ് മേരീസ് എ.എൽ.പി.സ്കൂൾ, കരിവേടകം നൽകിയത്. | 1. ഇത് പ്രസിദ്ധീകരണങ്ങളുടെ വിലയാണോ അതോ വരിസംഖ്യയാണോ എന്ന് വ്യക്തമല്ല.<br>2. പ്രസിദ്ധീകരണങ്ങൾ എത്ര കാലം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല.<br>3. എ.എൽ.പി.എസ്, കരിവേടകത്തെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |

| | |
|---|---|
| | |
| ആകെ- 24,479 രൂപ | |

ആകെ പിൻവലിച്ച 26,300 രൂപയിൽ മുകളിൽ ചേർത്ത പ്രകാരം 24,479 രൂപയുടെ ചെലവുകൾക്കു മാത്രമേ രേഖകൾ ഉള്ളൂ. 1,821 രൂപയുടെ ചെലവിന് രേഖയില്ല.

2. ബിൽ നം. 05/2016-17, തിയതി 28.03.2017 പ്രകാരം 54,741 രൂപ പിൻവലിച്ചത് ചുവടെ ചേർത്ത ചെലവുകൾക്ക് വേണ്ടിയാണ്.

| ബില്ലിന്റെ വിവരങ്ങൾ | അപാകതകൾ |
|---|---|
| മനോരമ ഏജൻസി രശീത്<br>നം. ഇല്ല , തിയതി- 03.03.2017<br>ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്.എസ്, ബന്തടുക്ക തുക- 2,091<br>ബാലരമ, ബാലരമ ഡൈജസ്റ്റ്, ടെൽ മി വൈ, മനോരമ ദിനപ്പത്രം എന്നീ പ്രസിദ്ധീകരണങ്ങളുടെ വില ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്.എസ്, ബന്തടുക്ക നൽകിയത് | 1. ഇത് പ്രസിദ്ധീകരണങ്ങളുടെ വിലയാണോ അതോ വരിസംഖ്യയാണോ എന്ന് വ്യക്തമല്ല.<br>2. പ്രസിദ്ധീകരണങ്ങൾ എത്ര കാലം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല.<br>3. ജി.എച്ച്.എസ്.എസ്, ബന്തടുക്കത്തെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |
| ദേശാഭിമാനി, കണ്ണൂർ<br>താത്കാലിക രശീതി നം. 54920, തിയതി- ഇല്ല<br>തുക-51,650 രൂപ | 1. ഇത് താത്കാലിക രശീതിയാണ്. തിയതിയോ ദേശാഭിമാനിയുടെ മുദ്രയോ ഇല്ല.<br>2. ഇത് എന്തിനു നൽകിയ തുകയാണ് എന്ന് വ്യക്തമല്ല<br>3. ഈ ചെലവിനെ സമർത്ഥിക്കുന്ന ഇൻവോയ്സുകളോ സബ് വൗച്ചറുകളോ മറ്റു രേഖകളോ ഇല്ല. |
| മാതൃഭൂമി ഏജൻസി രശീത്<br>നം. ഇല്ല, തിയതി- ഇല്ല.<br>ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്, കുറ്റിക്കോൽ<br>തുക- 1,000<br>ഇന്ത്യൻ എക്സ്പ്രസ് പത്രത്തിന്റെ വില ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ്, കുറ്റിക്കോൽ നൽകിയത് | 1. ഇത് പത്രത്തിന്റെ വിലയാണോ അതോ വരിസംഖ്യയാണോ എന്ന് വ്യക്തമല്ല.<br>2. പത്രം എത്ര കാലം വിതരണം ചെയ്തുവെന്ന് വ്യക്തമല്ല.<br>3.ജി.എച്ച്.എസ്.കുറ്റിക്കോലിലെ ഹെഡ് മാസ്റ്റർക്ക് തുക തിരികെ നൽകിയതിന് രേഖകളില്ല. |

മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ആകെ ചെലവ് തുക 81,041 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 നിലവിലെ ഭവനപദ്ധതികളിൽ വീട് പണിപൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ

വീട് പണി തുടങ്ങിയിട്ടും നാളിതുവരെയും പണി പൂർത്തീകരിക്കാത്തവരുടെ പട്ടിക ചുവടെ ചേർക്കുന്നു. നാളിതുവരെ കൈപ്പറ്റിയ തുകയും ചേർത്തിരിക്കുന്നു.

1. മലവേട്ടുവർക്ക് ഭവനം (2015-16 ൽ തുടങ്ങിയത്) പദ്ധതി നം- 16/2017

പരമാവധി ധനസഹായം - 3,00,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | എലുമ്പൻ എച്ച്, S/o. വെളുത്തൻ | 2,50,000 |
| 2 | മാധവി, W/o. ശങ്കരൻ | 2,50,000 |
| 3 | വെള്ളച്ചി, W/o. വെളുത്തൻ | 2,50,000 |
| 4 | ബീരൻ. എച്ച്, S/o. മറുവൻ | 2,50,000 |
| 5 | ചെമ്പൻ, S/o കുഞ്ഞിക്കണ്ണൻ | 2,50,000 |
| 6 | ചാണ, S/o. ചെറിയ ചെല്ലൻ | 2,50,000 |
| 7 | പാല, S/o. എലുമ്പൻ,ചൂളംകല്ല് | 2,50,000 |
| 8 | നീലി, W/o. പുത്തരിയൻ | 2,50,000 |
| 9 | അമ്പാടി, S/o. ചേരിപ്പാടിയൻ | 2,50,000 |
| 10 | അമ്പാടി, S/o. കൊറുമ്പൻ | 2,50,000 |
| 11 | രാജൻ.സി.വി, S/o. ചെമ്പൻ | 2,50,000 |
| 12 | കൃഷ്ണൻ, S/o. അമ്പാടി | 2,50,000 |
| 13 | കുഞ്ഞിക്ക, S/o. കൈക്കളൻ | 2,50,000 |
| 14 | സരോജിനി, W/o. മാധവൻ | 1,50,000 |
| 15 | ബാബു, S/o. പാല | 2,50,000 |
| 16 | ഭാസ്കരൻ, S/o. ശങ്കരൻ | 2,50,000 |
| 17 | കണ്ണൻ, S/o. കൈക്കളൻ | 2,50,000 |

1. മലവേട്ടുവർക്ക് ഭവനം (2016-17 ൽ തുടങ്ങിയത്) പദ്ധതി നം- 104/2017

പരമാവധി ധനസഹായം - 3,00,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ലാലു, S/o.അമ്പാടി | 2,50,000 |
| 2 | അംബിക, W/o. അമ്പാടി | 2,50,000 |
| 3 | ദാമോദരൻ.പി, S/o. പാല | 2,50,000 |
| 4 | പുത്തരിച്ചി, W/o. ബീരൻ | 1,25,000 |
| 5 | ചീരു, W/o. രാമൻ | 2,50,000 |
| 6 | ബാബു, S/o. മൊണ്ണൻ | 2,00,000 |
| 7 | മനോജ്.എച്ച്, S/o. കൈക്കളൻ | 1,25,000 |
| 8 | ഉഷ, W/o.രാമൻ | 2,25,000 |
| 9 | കുഞ്ഞിക്കണ്ണൻ.എച്ച്, S/o. അമ്പാടി | 25,000 |

മുകളിൽ പറഞ്ഞിട്ടുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 കുടിവെള്ള വിതരണം - ഗുണനിലവാരം ഉറപ്പുവരുത്തിയില്ല

നിർവഹണം - സെക്രട്ടറി, ചെലവ് - 4,52,600/-, വൗച്ചർ നം. - 483/19.11.16

2016-17 വർഷത്തിൽ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഈ ആവശ്യത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നും പത്ത് ലക്ഷം രൂപ വരെ ചെലവഴിക്കാവുന്നതാണ്.

പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടറുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത് ശ്രീ.എ.ബി.ഷാഫി,ബന്തടുക്ക എന്നയാളാണ്. തുടർന്ന് ഇദ്ദേഹം നൽകിയ കുടിവെള്ള സാമ്പിൾ കേരള ജല അതോറിറ്റിയുടെ കാസറഗോഡുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധിക്കുകയുണ്ടായി. പരിശോധന ഫലം(17.05.16 ലെ) നോക്കിയപ്പോൾ, ആ വെള്ളത്തിന്റെ pH മൂല്യം ഏഴിൽ കുറവാണെന്നും (5.53), Turbidity (അലേയമായതും ഹാനികരമാകാവുന്നതുമായ പദാർത്ഥങ്ങളുടെ സാന്നിധ്യം ) അനുവദനീയമായ അളവിലും (5 NTU) കൂടുതലാണെന്നും (8.1 NTU) കാണുകയുണ്ടായി. അതിനാൽ ശരിയായ വിധത്തിലുള്ള ശുദ്ധീകരണ പ്രക്രിയ (proper treatment) നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. വിവിധതരം ഉദര രോഗങ്ങൾക്ക്

Turbidity കാരണമാകാവുന്നതാണ്. കരാറുകാരന് മറ്റ് ജല സ്രോതസ്സുകളൊന്നും ലഭ്യമായിരുന്നില്ല എന്നാണ് അറിയുവാൻ കഴിഞ്ഞത്.

വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണമൊന്നും ലഭ്യമാക്കുകയുണ്ടായില്ല. എന്നാൽ ഈ വെള്ളം ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് ആരോഗ്യപ്രശ്നങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാ എന്നാണ് അറിയുവാൻ കഴിഞ്ഞത്.

കുടിവെള്ളവും മററും വിതരണം നടത്തുമ്പോൾ തികച്ചും സാധാരണക്കാരും, നിത്യവൃത്തിക്ക് അത്യദ്ധ്വാനം ചെയ്യുന്നവരുമായ ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാവില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 7 - (തിയതി: 22.07.17))

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കാസറഗോഡ് | 75,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 75,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 1,00,000 | ക്ഷീരകർഷകർക്ക് പാലുൽപ്പാദനത്തിനുള്ള സബ്സിഡി | 1,00,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 10,09,890 | തുറന്ന സ്ഥലത്ത് മലമൂത്ര വിസർജന നിർമാർജനം | 10,09,890 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 1,25,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,25,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 2,00,000 | അങ്കണവാടി പൂരക പോഷകാഹാരം | 2,00,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 1,00,000 | പാലിയേറ്റീവ് കെയർ | 92,146 | 7,854 |
| | | | | |
| എൻ.പി.ആർ.പി.ഡി. | 6,00,000 | വൈകല്യ സൗഹൃദ ഭവനം | ഇല്ല | 6,00,000 |

| | | | | |
|---|---|---|---|---|
| കാസറഗോഡ് | | | | |
| ശുചിത്വ മിഷൻ | 35,06,236 | വെളിയിട വിസർജന വിമുക്തി പദ്ധതി | 21,01,435 | 14,04,801 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണം | 6,00,000 | 6,00,000 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | ഇല്ല |
| വൈദ്യുതി ബോർഡ് | പട്ടികവർഗ ഗുണഭോക്താക്കളുടെ വീട് വയറിംഗ് | 7,50,000 | 7,50,000 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | ഇല്ല |
| ഭൂജല വകുപ്പ് | വിവിധ ബോർവെല്ലുകളുടെ റിപ്പയർ | 4,19,748 | 4,19,748 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ പേര്, ഉദ്ദേശം | വായ്പാ തുക | ഉത്തരവ് നം, തിയതി | തിരിച്ചടക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവന പദ്ധതി വായ്പ | 1,81,03,500 | 277/10, തിയതി 27.01.2010 | 16,91,994 | 16,91,994 | | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 19,52,043 |
| തൻവർഷം നിക്ഷേപിച്ച തുക | 1,84,938 |
| ആകെ | 21,36,981 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21,36,981 |

വ്രഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക്, പടുപ്പ് ശാഖ | 5,20,176 | 1175 |
| ജില്ലാ സഹകരണ ബാങ്ക്, പടുപ്പ് ശാഖ | 4,73,451 | 1641 |
| ജില്ലാ സഹകരണ ബാങ്ക്, പടുപ്പ് ശാഖ | 7,60,626 | 1642 |
| ജില്ലാ സഹകരണ ബാങ്ക്, പടുപ്പ് ശാഖ | 1,61,810 | 3085 |
| കുറ്റിക്കോൽ അഗ്രിക്കൾച്ചറിസ്റ്റ് വെൽഫയർ സഹകരണ സംഘം | 2,20,918 | 1260 |
| ആകെ | 21,36,981 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,24,53,427 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,68,20,174 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61,860 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 51,09,639 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 61,860 | ശ്രീ.എ.വി.അരുൺ കുമാർ, വെറ്റിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 67,500 | ശ്രീ.എ.വി.അരുൺ കുമാർ, വെറ്റിനറി സർജൻ |
| 3-5 | 8,02,850 | ശ്രീ.കെ.സിറാജുദ്ദീൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-5 | 2,00,000 | ശ്രീ.മുഹമ്മദ് റഷീദ്.പി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-7 | 2,00,000 | ശ്രീമതി.ഷിജി.എൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-7 | 19,50,000 | ശ്രീ.എം.പി.മഹീധരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 1,50,000 | ശ്രീ.എ.വി.അരുൺ കുമാർ, വെറ്റിനറി സർജൻ |
| 3-7 | 4,76,248 | ശ്രീ.കെ.കൃഷ്ണ, സെക്രട്ടറി |
| 3-10 | 6,80,000 | ശ്രീ.എ.വി.അരുൺ കുമാർ, വെറ്റിനറി സർജൻ |
| 3-12 | 27,000 | ശ്രീ.സുബ്രഹ്മണ്യ ഭട്ട്.കെ, ഹെഡ് മാസ്റ്റർ |
| 3-13 | 4,75,000 | ശ്രീ.സുബ്രഹ്മണ്യ ഭട്ട്.കെ, ഹെഡ് മാസ്റ്റർ |
| 3-14 | 81,041 | ശ്രീ.സുബ്രഹ്മണ്യ ഭട്ട്.കെ, ഹെഡ് മാസ്റ്റർ |
| ആകെ | 51,09,639 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ശ്രീ.എ.വി.അരുൺ കുമാർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് | പാട്ടക്കടവിൽ (വീട്), കല്ലേലിഭാഗം പോസ്റ്റ്, കരുനാഗപ്പള്ളി- 690 519 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.4/1011/08 തിയതി 29.08.2008 | 5 |
| 2001-02(പ്ലാൻ) | എൽ.എഫ്.കെ.എസ്.ഡി.4/1012/08 തിയതി 29.08.2008 | 3 |
| 2001-02(ഫൈനൽ) | എൽ.എഫ്.കെ.എസ്.ഡി.4/544/09 തിയതി 04.05.2009 | 2 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.4/543/09 തിയതി 04.05.2010 | 8 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.3/640/10 തിയതി 04.10.2011 | 2 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.3/641/10 തിയതി 18.08.2011 | 5 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.3/642/10 തിയതി 28.09.2011 | 4 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/649 /11തിയതി 13.12.2011 | 4 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/687/11 തിയതി 13.12.2011 | 3 |
| 2008-09 & 2009-10 | എൽ.എഫ്.കെ.എസ്.ഡി.4/949/12 തിയതി 14.08.2013 | 14 |

| | | |
|---|---|---|
| 2010-11 & 2011-12 | എൽ.എഫ്.കെ.എസ്.ഡി.6/734/13<br>തിയതി 05.06.2014 | 20 |
| 2012-13 & 2013-14 | എൽ.എഫ്.കെ.എസ്.ഡി.7/38/15<br>തിയതി 14-05-2015 | 9 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.7-272/2016,<br>തിയതി 15.03.2016 | 17 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി.7-48/2017,<br>തിയതി 19.01.2017 | 17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം 1

# <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-കെ.എസ്.ഡി -7/980/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
ഇ-മെയിൽ : doksd.ksad@kerala.gov.in

തീയ്യതി: 08.08.2017.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

No. KSA-KSD- 7/980/2017

Kerala State Audit Department

District Audit Office,Kasaragod – 671 123

e-Mail : doksd.ksad@kerala.gov.in

Phone: 0499 4256690.

Dated: 08.08.2017

AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Kuttikkol Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kuttikkol Grama Panchayat for the year 2016-17, except the observations pointed out in Para 1-3 of the audit report, properly presents the picture of income and expenditure.

.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod